# വ്യാപാരകേരളം

വ്യാപാര–വ്യവസായ കേരളത്തിന്റെ ഓൺലൈൻ മുഖമാസിക

ലക്കം 6 | പേജുകൾ 25 | സെപ്റ്റംബർ 2019

പ്രളയ സെസ്

കഫേ കോഫി ഡേ പാഠങ്ങൾ

വ്യവസായ സൗഹൃദം സ്വപ്നമോ?

വിജയത്തിന്റെ സമവാക്യം



മുഖചിത്രം വര: ലേഖ വേലോപ്പിള്ളി, സീത നന്ദകുമാർ

# എഡിറ്റേഴ്സ് പേജ്



ആവർത്തിക്കപ്പെട്ട പ്രളയദുരന്തദിനങ്ങൾ ബാക്കി നൽകുന്ന ആകുലതകളുമായാണ് മലയാളി ഓണത്തിനൊരുങ്ങുന്നത്. ആഘോഷങ്ങൾക്ക് പകിട്ടു പ്രതീക്ഷിക്കാനാകാത്ത ഓണനാളുകളാണ് മുന്നിൽ. വ്യാപാരസമൂഹവും ഏറെ ഉത്കണ്ഠയോടെയാണ്, പരിക്കുകൾ വെച്ചുകെട്ടാൻ ഉത്സാഹിക്കുന്നത്.

കേരള വിപണിയിൽ ഏറ്റവും കൂടുതൽ ക്രയവിക്രയം നടക്കുന്നത് ഓണക്കാലത്താണല്ലോ. പ്രളയക്കെടുതികൾ കഴിഞ്ഞവർഷം തകർത്ത വ്യാപാര പ്രതീക്ഷകളുടെ തനിയാവർത്തനം ഇക്കുറിയും വ്യാപാരികൾ ഭയക്കുന്നുണ്ട്. ഓണവിപണി ലക്ഷ്യംവെച്ച ഉത്പാദകരും ആശങ്കയിലാണ്.

പ്രകൃതി തരുന്ന ആഘാതം മറികടക്കുക ആയാസകരമാണ്. എല്ലാ വിഭാഗം ആൾക്കാർക്കും വിവിധ തോതുകളിൽ അതിന്റെ പ്രത്യാഘാതം അനുഭവിക്കേണ്ടതായി വരും. വ്യാപാരസമൂഹത്തെയും ഇത് പ്രതിസന്ധിയിലാഴ്ത്തും.

ഒന്നും കൈപ്പിടിയിലല്ലെന്ന തിരിച്ചറിവോടെ തന്നെ, പിടിച്ചുനിൽക്കുവാനാകും വ്യാപാരസമൂഹം ഈ ഓണക്കാലത്ത് ശ്രമിക്കുക. മാർജിൻ കുറച്ചും ഓഫറുകൾ പുതുക്കിയും പലിശരഹിത വായ്പകൾക്ക് സൗകര്യപ്പെടുത്തിയുമൊക്കെ വ്യാപാരികൾ രംഗത്തെത്തിയിട്ടുണ്ട്.

മുറിവുകളുണങ്ങാൻ സമയമെടുക്കുന്നത് സ്വാഭാവികമാണ്. പ്രതീക്ഷ പകരുന്ന ഉണർവുകൾ ഇക്കാലയളവിലും നിഷേധിക്കുന്നത് ഉചിതമാകില്ല. കരഞ്ഞും സങ്കടപ്പെട്ടും മാത്രം നാടിന് മുന്നോട്ടു പോകാനാകില്ലല്ലോ. ഈ ഓണക്കാലം അതിനാൽതന്നെ, ആഘോഷരഹിതമാക്കേണ്ടതില്ല. നഷ്ടബോധം പിഴുതെറിയാതെ ഒരാളെങ്ങനെയാണ് പുതിയ സാധ്യതകൾ കണ്ടെത്തുക?

**-സി.ആർ.രാജൻ,**
മാഗസിൻ എഡിറ്റർ


ഓഫീസ്:
**വ്യാപാരകേരളം**
**(ഓൺലൈൻ മാസിക)**
പി.ബി.റോഡ്,
എൽത്തുരുത്ത് പി.ഒ,
തൃശൂർ-680611, കേരളം.

website:
www.vyaparakeralam.com

email:
vyaparakeralam@gmail.com

Phone: 0487 2365309
Mob: 094471 89032

മാഗസിൻ എഡിറ്റർ:
**സി. ആർ. രാജൻ**

ടെക്നിക്കൽ ഡയറക്ടേഴ്സ്:
**ജെഫി മാത്യു ജോസ്**
**മിലു മേരി**

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ:
**റയൻ ജോസഫ്**

# ? ഒറ്റ ചോദ്യം

പ്രമുഖ സാമ്പത്തിക വിദഗ്ധനായ **ശ്രീ. ടി.എസ്.അനന്ത രാമനാണ്** ഈ ലക്കത്തിൽ ഒറ്റ ചോദ്യത്തിന് മറുപടി നൽകുന്നത്. ചാർട്ടേർഡ് അക്കൗണ്ടന്റായ ശ്രീ. അനന്തരാമൻ, സ്ഥാപനങ്ങളുടെ മൂല്യവർധന നടപ്പാക്കുന്നതിൽ വിദഗ്ധനാണ്. ഫിനാൻഷ്യൽ കൺസൾട്ടന്റ്, സ്റ്റോക്ക് മാർക്കറ്റ് അനലിസ്റ്റ്, പോർട്ട് ഫോളിയോ അഡ്വൈസർ എന്നീ നിലകളിലും പ്രവർത്തിച്ചുവരുന്നു. ലിയോ ഫാർമ ഗ്രൂപ്പിന്റെ സാരഥിയാണ്.

**ചോദ്യം: കേരള സർക്കാർ നടപ്പാക്കിയ ഒരു ശതമാനം പ്രളയ സെസ് വ്യാപാരികളെ ആശങ്കപ്പെടുത്തുന്നുണ്ട്. എംആർപി രേഖപ്പെടുത്തിയ ഉത്പന്നങ്ങൾക്ക് വിലവർധന സാധ്യമാകില്ല. മാന്ദ്യം നേരിടുന്ന വാണിജ്യമേഖലക്ക് സെസ് പിരിവ് തിരിച്ചടിയാകും. സോഫ്റ്റ്‌വെയർ അപ്ഗ്രേഡ് ചെയ്യുന്നതും മാസംതോറും പ്രളയസെസ് പ്രത്യേകം ഇ-ഫയലിംഗ് നടത്തുന്നതും അമിതഭാരമാകും. ജിഎസ്ടിയുടെ അന്തസ്സത്തയായ 'ഒരു രാജ്യം; ഒറ്റ നികുതി' എന്നതിനെ പുതിയ സെസ് സാധൂകരിക്കുന്നില്ല എന്നിങ്ങനെയുള്ള ആശങ്കകൾ വ്യാപാര സമൂഹത്തിനുണ്ട്. അതേക്കുറിച്ച്....**

**ശ്രീ. ടി.എസ്.അനന്തരാമൻ:**



കേരളത്തിന്റെ സമ്പദ് വ്യവസ്ഥ പരിതാപകരമായ അവസ്ഥയിലാണ്. താഴേക്കിടയിലുള്ളവരുടെ ക്ഷേമം ലക്ഷ്യമാക്കിയുള്ള സർക്കാരിന്റെ പ്രവർത്തനങ്ങൾക്ക് അവശ്യം വേണ്ടതായ റിസോഴ്സസിന്റെ അഭാവമാണ് പ്രധാന പ്രശ്നം.

റിസോഴ്സ് ഡെവലപ് ചെയ്യണമെങ്കിൽ വ്യവസായം വളരണം. സർവീസ് മേഖല വിപുലമാക്കപ്പെടണം. ഇവ രണ്ടും സംഭവിക്കുന്നില്ല എന്നതാണ് യാഥാർഥ്യം. ക്ഷേമപ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനൊപ്പം റിസോഴ്സ് വളർത്തുന്നതിനുള്ള ശ്രമങ്ങളും ഊർജിതമാക്കേണ്ടതുണ്ട്. എങ്കിൽ മാത്രമാണ് സാമ്പത്തികസ്ഥിതി തുലനാവസ്ഥയിൽ എത്തുക.

ഇന്ത്യയുടെ സാമ്പത്തിക സ്ഥിതിയും മോശമാണ്. മാനുഫാക്ചറിംഗ് സെക്ടർ എടുക്കുകയാണെങ്കിൽ, മാനുഫാക്ചറിംഗ് ജിഡിപിയുടെ ഏകദേശം 45 ശതമാനത്തോളം ഓട്ടോമൊബൈൽ, അനുബന്ധ വ്യവസായങ്ങളുടെ സംഭാവനയാണ്. കഴിഞ്ഞ ഒരു വർഷമായി ഈ മേഖല വലിയ സ്ലോ ഡൗൺ ആണ് കാണിക്കുന്നത്. ഡിമാന്റ് 30 ശതമാനം കുറഞ്ഞു. പൊതു ജിഡിപിയിലേക്ക് കൂടുതൽ സംഭാവന ചെയ്യുന്നത് റിയൽ എസ്റ്റേറ്റ് മേഖലയാണ്. അതാകട്ടെ തകർന്നു കിടക്കുന്നു.

ഈ പശ്ചാത്തലത്തിൽ വേണം പുതിയ സെസ് പിരിവിനെ വിലയിരുത്തേണ്ടത്. ഒരു ശതമാനം സെസ് കൂടുതൽ പിരിച്ചതുകൊണ്ട് സമ്പദ് വ്യവസ്ഥയ്ക്ക് ദോഷം സംഭവിക്കുമെന്ന് കരുതാനാകില്ല. കമ്പോളത്തിൽ പ്രത്യേകിച്ചൊരു ചലനവും ഇതുണ്ടാക്കാൻ പോകുന്നില്ല. ഈ പിരിവുകൊണ്ട് പ്രശ്നങ്ങൾ പരിഹരിക്കപ്പെടും എന്നും ഉറപ്പില്ല. ബിസിനസ് മേഖല പൊതുവെ പ്രയാ

സത്തിലാണ്. അതിനാൽതന്നെ ഈ ചെറിയ മാറ്റം കൗണ്ട് ചെയ്യപ്പെടില്ല.

സാമ്പത്തികരംഗത്ത് ഇപ്പോൾ റിസഷൻ (പിന്മാറ്റം) ആണ് നിലനിൽക്കുന്നത്. ഡിപ്രഷൻ (ഇടിവ്) അല്ല. ഒരു രാജ്യം; ഒറ്റനികുതി എന്ന ജിഎസ്ടിയുടെ അന്തസ്സത്തക്ക് നിരക്കുന്നതല്ല പുതിയ സെസ് എന്നും പറയേണ്ടിയിരിക്കുന്നു.

കുറച്ചു വർഷം മുമ്പ് 'ടേൺ ഓവർ ടാക്സ്' എന്ന ഒരു രീതി കൊണ്ടുവന്നിരുന്നു. അരശതമാനമായിരുന്നു ടാക്സ്. കെമിസ്റ്റ് ആന്റ് ഡ്രഗിസ്റ്റ് അസോസിയേഷൻ അന്ന് നിവേദനം നൽകിയതിനെ തുടർന്ന്, ആ മേഖലയെ ഒഴിവാക്കുകയുണ്ടായി. വില വർ




ധിപ്പിക്കുവാൻ സാധിക്കില്ലെന്ന് ബോധ്യപ്പെടുത്തിയാണ് ഞങ്ങളത് നേടിയത്.

പുതിയ സെസ് സാഹചര്യം വിവിധ മേഖലകൾ എങ്ങനെ കൈകാര്യം ചെയ്യും എന്നത് അവ്യക്തമാണ്. തകർന്നുകിടക്കുന്ന വ്യാപാരമേഖലക്ക്, സോഫ്റ്റ്‌വെയർ അപ്ഡേഷൻ തുടങ്ങിയ സെസ് അനുബന്ധ ക്രമീകരണങ്ങൾ ഭാരമാകുമെന്നതിൽ സംശയമില്ല.

ഇനി കേന്ദ്രസർക്കാരിന്റെ കാര്യമെടുക്കാം. മുമ്പെന്നെത്തേക്കാളും ഭരണസ്ഥിരത കേന്ദ്രത്തിലുണ്ടായിട്ടുണ്ട്. പക്ഷേ, സാമ്പത്തികസ്ഥിതി സുരക്ഷിതമാണെന്ന് പറയാനാകില്ല. ഓരോ മേഖലയും പ്രത്യേകം പരിശോധിക്കുമ്പോൾ അതു ബോധ്യപ്പെടും. അഞ്ചാറു മാസത്തിനകം തിരുത്തൽ നടപടികൾ എടുത്തില്ലെങ്കിൽ, സാമ്പത്തിക തകർച്ചയാകും ഫലമെന്ന് സൂചനകളുണ്ട്. ഫാസ്റ്റ് ഗ്രോവിംഗ് ഇക്കോണമി എന്ന സ്ഥിതിയിൽനിന്നും നാം താഴെ പോകും. സത്വര നടപടികൾ എടുത്തില്ലെങ്കിൽ കാര്യങ്ങൾ കൈവിട്ടുപോകുമെന്നാണ് ഞാൻ ഭയക്കുന്നത്.

വ്യവസായങ്ങൾ പലതും പൂട്ടിപോകുന്നു. എൻബിഎഫ്സികൾ പ്രതിസന്ധിയിലാണ്. ബാങ്കുകളിൽ നിന്നും എൻബിഎഫ്സികൾക്കുള്ള പണലഭ്യത നന്നേ കുറഞ്ഞു. ഉപഭോക്തൃ ഉത്പന്നങ്ങളാണ് വളർച്ചയുടെ നാന്ദിയായി പലപ്പോഴും ഉയർത്തികാണിക്കുന്നത്. ഈ മേഖലയുടെ വളർച്ച മൈനസിലേക്കു താഴ്ന്നിട്ടുണ്ടെന്നത് ഭീതിജനകമാണ്.

ഓട്ടോ മൊബൈൽ, കൺസ്യൂമർ ഗുഡ്സ്, എൻബിഎഫ്സി, റിയൽ എസ്റ്റേറ്റ് തുടങ്ങിയ മേഖലകൾ ഗുരുതരമായ ഞെരുക്കത്തിലാണ്. ഇതു മനസിലാക്കിക്കൊണ്ട് തിരുത്തലിനുള്ള ആലോചനകൾ കേന്ദ്രത്തിൽ നടക്കുന്നുണ്ട്. വൈകാതെ സാമ്പത്തികസ്ഥിതി മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

അങ്ങനെ സംഭവിക്കുന്നില്ലെങ്കിൽ, ഫാസ്റ്റ് ഗ്രോവിംഗ് ഇക്കോണമി എന്ന പദവി ഇന്ത്യക്ക് നഷ്ടപ്പെടും.




# നികുതി ഭീകരതയുടെ ഇര



ഫ്രാങ്കോ ലൂയിസ്

'കോഫീ രാജാവി'ന്റെ ഒരു കോപ്പ കാപ്പിയിൽനിന്ന് ആവി പറക്കുന്നു. ഇപ്പോഴത് ആശങ്കകളുടെ ആവിയാണ്. കോഫി ഒരു സംസ്കാരമാക്കി മാറ്റിയ 'കഫേ കോഫി ഡേ' സാരഥി വി.ജി. സിദ്ധാർത്ഥ നേത്രാവതി പുഴയിൽ ചാടി ജീവനൊടുക്കി. അതിന്റെ പിന്നാമ്പുറ വിശേഷങ്ങൾ സംരംഭകർക്കിടയിൽ ഒരു ചർച്ചയാണ്. വി.ജി. സിദ്ധാർത്ഥയെ ഉദ്യോഗസ്ഥർ മരണത്തിലേക്കു ചാടിച്ചതാണോ? രാജ്യമെങ്ങുമുള്ള വൻകിട വ്യവസായികൾപോലും വിരൽ ചൂണ്ടുന്നത് ആദായനികുതി ഉദ്യോഗസ്ഥർക്കുനേരെയാണ്.

രണ്ടു വർഷമായി ആദായ നികുതി ഉദ്യോഗസ്ഥർ കഫേ കോഫി ഡേ പ്രസ്ഥാനത്തേയും സാരഥി വി.ജി. സിദ്ധാർഥയേയും വേട്ടയാടുകയായിരുന്നു. സാമ്പത്തിക പ്രതിസന്ധി മറികടക്കാൻ ഏതാനും ഓഹരി വിറ്റതോടെ സിദ്ധാർഥയോട് അധികാരികൾ യുദ്ധം തുടങ്ങി. ഏതു നിമിഷവും അറസ്റ്റു ചെയ്യപ്പെടാം, അക്കൗണ്ടുകൾ പിടിച്ചെടുക്കപ്പെടാം എന്ന സമ്മർദത്തിലായപ്പോഴാണ് വ്യവസായി ജീവനൊടുക്കിയത്.

ഇതിനു പുറമേ, കൂടെ നിൽക്കേണ്ടവരും ചതിച്ചു. ആദായം കുറഞ്ഞപ്പോൾ പ്രധാന ഓഹരിയുടമകളും വേട്ടയാടാൻ തുടങ്ങി. ഓഹരി തിരിച്ചെടുത്ത് മുടക്കുമുതൽ തിരിച്ചു തരണമെന്നാണ് അവർ സമ്മർദം ചെലുത്തിയത്.

### കോഫി രാജാവിന്റെ വളർച്ച

ചിക്കമംഗളൂരുവിലെ കാപ്പിത്തോട്ടം ഉടമയുടെ മകനിൽ നിന്ന് രാജ്യത്തെ ഏറ്റവും വലിയ കോഫി കഫേ ശൃംഖലയുടെ ഉടമയായാണ് വി ജി സിദ്ധാർത്ഥ വളർന്നത്. കർണാടക മുൻ മുഖ്യമന്ത്രിയും മുൻ വിദേശകാര്യ മന്ത്രിയും മുതിർന്ന ബിജെപി നേതാവുമായ എസ്എം കൃഷ്ണയുടെ മരുമകനാണ് സിദ്ധാർത്ഥ.

1983 ൽ ഒരു സ്വകാര്യ കമ്പനിയിൽ മാനേജ്മെന്റ് ട്രെയിനിയായിരുന്ന വി.ജി. സിദ്ധാർത്ഥ 1992 ലാണു സ്വന്തമായി കോഫി ബിസിനസ് തുടങ്ങിയത്. കാപ്പി സംഭരണം, സംസ്കരണം, കോഫി ബീൻസ് റോസ്റ്റിംഗ് തുടങ്ങിയ ബിസിനസായിരുന്നു. ഈ ബിസിനസിലെ വിജയമാണ് 1996 ൽ രാജ്യത്തെ ആദ്യത്തെ കോഫി കഫേ ബംഗളൂരുവിൽ തുടങ്ങാൻ വി.ജി. സിദ്ധാർത്ഥയ്ക്ക് ആത്മവിശ്വാസം നൽകിയത്.

ബംഗളൂരുവിലെ ബ്രിഗേഡ് റോഡിലാണ് ആദ്യ കഫേ തുടങ്ങിയത്. 100 രൂപയ്ക്ക് കാപ്പിയും ഇന്റർനെറ്റുമായിരുന്നു ആദ്യ ഓഫർ. ബാംഗ്ലൂർ പോലുള്ള നഗരങ്ങളിൽ അപൂർവം ചിലയിടത്തു മാത്രം ഇന്റർനെറ്റ് സേവനങ്ങൾ ലഭ്യമായിരുന്ന കാലത്താണിത്.

ഒരു കാപ്പിക്ക് 100 രൂപ ഈടാക്കുന്ന കഫേ കോഫി ഡേ ഷോപ്പുകളിലേക്കു കയറാൻ സാധാരണക്കാരൻ മടിച്ചെങ്കിലും നഗരവാസികളായ ഉപരിമധ്യവർഗം അവിടം മേച്ചിൽപ്പുറമാക്കി. വിലയേറിയ, രുചിയേറിയ കാപ്പി മൊത്തിക്കുടിക്കാൻ വ്യവസായികളും മാനേജുമെന്റ് വിദഗ്ധരും പ്രഫഷണലുകളും ടെക്കികളും പ്രഫസർമാരും പ്രണയജോഡികളുമെല്ലാം എത്തി. കാപ്പി കോപ്പയ്ക്കു ചുറ്റുമിരുന്ന് ചർച്ചകളും സംവേദനങ്ങളും ഇന്റർനെറ്റ് ബ്രൗസിംഗും ചാറ്റിംഗും കമിതാക്കളുടെ കുറുങ്ങലുകളുമെല്ലാം പുരോഗമിച്ചു.

വിലയേറിയതും രുചിയേറിയതുമായ കോഫി നുണഞ്ഞുള്ള ചർച്ചകൾ ഒരു സംസ്കാരമായി. അങ്ങനെയാണ് കഫേ കോഫി ഡേ കോഫീ ഹൗസുകൾ കാപ്പി കോപ്പയിൽ ചരിത്രം കുറിച്ചത്.

പുതുതലമുറക്കാർ പല പുതുപുത്തൻ ആശയങ്ങൾക്കു വിത്തിട്ടതും തളിരണിയിച്ചതും പഞ്ചനക്ഷത്ര ഹോട്ടലുകളിലെ എക്സിക്യൂട്ടീവ് ബാറുകളിലായിരുന്നില്ല; കഫേ കോഫി ഡേ കോഫീ ഹൗസുകളിലെ ചെറിയ തീൻമേശയ്ക്കു ചുറ്റും ഇരുന്നായിരുന്നു. കഫേ കോഫി ഡേയുടെ കോഫി പലർക്കും മദ്യത്തേക്കാൾ ലഹരിയായി മാറി. ഓസ്ട്രിയ, ചെക് റിപ്പബ്ലിക്, മലേഷ്യ, നേപ്പാൾ, ഈജിപ്ത് തുടങ്ങിയ രാജ്യങ്ങളിലെല്ലാം കഫേ കോഫീ ഡേ ഷോപ്പുകൾ വന്നു. സ്വന്തമായി 12,000 ഏക്കർ കോഫി പ്ലാന്റേഷൻ. ചിക്കമംഗളൂരുവിലെ തോട്ടത്തിൽ ഉൽപ്പാദിപ്പിക്കുന്ന കാപ്പി പ്രതിവർഷം 28,000 ടൺ വിദേശത്തേയ്ക്ക് കയറ്റുമതി ചെയ്യുന്നു. 2000 ടൺ ഇന്ത്യയിലും വിൽക്കുന്നു. 2019 മാർച്ച് വരെ 1814 കോടി രൂപയുടെ വരുമാനം. 2018-19 സാമ്പത്തിക വർഷം അവസാനിച്ചപ്പോൾ കോഫി ഡേയുടെ ലാഭം 128 കോടി രൂപ.

ടെക്നോളജി, കൺസൾട്ടൻസി, ഹോട്ടൽ റിസോർട്ട് ബിസിനസ് എന്നിവയിലേക്കു കൂടി ചുവടു വച്ചതാണു സിദ്ധാർത്ഥയുടെ കൈ പൊള്ളിച്ചതെന്നു കരുതുന്നവരുണ്ട്.

## ആത്മഹത്യാ കുറിപ്പ്

സിദ്ധാർത്ഥ എഴുതിയതെന്നു പറയപ്പെടുന്ന ആത്മഹത്യാ കുറിപ്പിൽ വലിയ സാമ്പത്തിക ബാധ്യതയുണ്ടെന്നു പറയുന്നു. കഫേ കോഫീ ഡേയുടെ ബാലൻസ് ഷീറ്റോ കണക്കുകളോ ഇത്തരമൊരു നഷ്ടക്കച്ചവടത്തിന്റെ സൂചനകൾ നൽകുന്നില്ല. എന്നാൽ സിദ്ധാർത്ഥ ജീവനൊടുക്കിയതോടെ കോഫി ഡേ എന്റർപ്രൈസസിന് ഓഹരി വിപണിയിൽ 800 കോടിയിലധികം നഷ്ടമാണുണ്ടാക്കിയത്. 2015 ൽ 6328 കോടി രൂപയുടെ കടം കമ്പനിക്കുണ്ടായിരുന്നു. ഇപ്പോഴത് ഏഴായിരം കോടി രൂപയോളമാണ്. കൊക്ക കോളയ്ക്ക് കോഫി ഷോപ്പുകൾ വിൽക്കാനുള്ള ചർച്ചകൾ പരാജയപ്പെട്ടു.

ജീവനൊടുക്കുന്നതിനു മുമ്പ് കമ്പനി ഡയറക്ടർമാർക്കായി എഴുതിവച്ച കത്ത് ആത്മഹത്യാ കുറിപ്പായി കരുതാം. ആ കത്തിലെ പ്രസക്ത ഭാഗങ്ങൾ ഇതാണ്:

ഇത്രകാലം പൊരുതി നിന്നു, ഇനി ഈ സമ്മർദ്ദം താങ്ങാൻ വയ്യ. സുഹൃത്തുക്കൾ അടക്കമുള്ളവരിൽനിന്ന് വൻ തുകകൾ കടമായി വാങ്ങിയിട്ടുണ്ട്. 7000 കോടിയിലധികം രൂപയുടെ ബാധ്യത. ആദായനികുതി വകുപ്പിന്റെ ഭാഗത്ത് നിന്ന് വല്ലാത്ത സമ്മർദമുണ്ട്. മൈൻഡ് ട്രീയുടെ ഓഹരികളുമായി ബന്ധപ്പെട്ട കരാറിന് ആദായനികുതി അധികൃതർ തടസം സൃഷ്ടിച്ചു. പുതുക്കിയ റിട്ടേണുകൾ സമർപ്പിച്ചിട്ടും ഓഹരികൾ അറ്റാച്ച് ചെയ്ത് മൈൻഡ് ട്രീ കരാറിന് തടസമുണ്ടാക്കി. ഇത് കമ്പനിയെ പ്രതിസന്ധിയിലാക്കി.

## നികുതി വേട്ട

2017 ൽ ആദായനികുതി വകുപ്പ് 20 കേന്ദ്രങ്ങളിൽ നടത്തിയ റെയ്ഡ് സിദ്ധാർത്ഥ നേരിട്ട ഏറ്റവും വലിയ പ്രതിസന്ധികളിലൊന്നായിരുന്നു. അന്നു മുതൽ ആദായ നികുതി വകുപ്പിന്റെ വേട്ടയാടലാണ്. സിദ്ധാർത്ഥയുടെ പേരിൽ 362.11 കോടി രൂപയുടേയും കഫേ കോഫി ഡേയുടെ പേരിൽ 118.02 കോടി രൂപയുടേയും അനധികൃത സ്വത്തുണ്ടെന്ന വിവരത്തിന്റെ അടിസ്ഥാനത്തിലാണ് റെയ്ഡ് നടത്തിയത്. റിട്ടേൺസ് സമർപ്പിച്ചിട്ടുണ്ടെങ്കിലും അനധികൃത സ്വത്ത് മറച്ചുവച്ചെന്ന് അധികാരികൾ പറയുന്നു. കോഫി ഡേ ഗ്ലോബൽ ലിമിറ്റഡ് 14.5 കോടി രൂപയുടെ സെൽഫ് അസസ്മെന്റ് ടാക്സ് അടച്ചില്ലെന്നാണ് മറ്റൊരു ആരോപണം.

സിദ്ധാർത്ഥ എഴുതിയതെന്നു പറയുന്ന ആത്മഹത്യാ കുറിപ്പ് വ്യാജമാണെന്നാണ് ആദായ നികുതി ഉദ്യോഗസ്ഥരുടെ വാദം.

മൈൻഡ് ട്രീ ഓഹരി ഇടപാടിൽ 3,200 കോടി രൂപ നേടിയ സിദ്ധാർത്ഥ, മിനിമം ആൾട്ടർനേറ്റ് ടാക്സിൽ (എംഎടി) 300 കോടി രൂപ അടച്ചാൽ പോരെന്നാണ് ആദായനികുതി വകുപ്പിന്റെ വാദം. മൈൻഡ് ട്രീയിലെ 21 ശതമാനം ഷെയറും വി ജി സിദ്ധാർത്ഥയുടേയും കോഫീ ഡേ എന്റർപ്രൈസസ് ലിമിറ്റഡിന്റേയും കൈയിലാണ്.

ആദായനികുതി വകുപ്പിന്റെ അനുമതിയില്ലാതെ വിറ്റതിനാലാണ് മൈൻഡ് ട്രീ ലിമിറ്റഡിന്റെ 74,90,000 ഷെയറുകൾ അറ്റാച്ച് ചെയ്തത്. കോഫി ഡേ എന്റർപ്രൈസസിന്റെ ഷെയറുകൾ സെക്യൂരിറ്റിയായി നൽകിയതോടെ ഫെബ്രുവരിയിൽ ഷെയർ അറ്റാച്ച്മെന്റിൽനിന്ന് ഇൻകം ടാക്സ് വകുപ്പ് പിന്മാറിയത്.

മുടന്തൻ ന്യായങ്ങളിലൂടെ ഒരു വ്യവസായത്തേയും അതിനെ ആശ്രയിച്ചു ജീവിക്കുന്നവരേയും എങ്ങനെ ഇല്ലാതാക്കാമെന്ന് അവർക്കറിയാം.

## നികുതി ഭീകരത

സിദ്ധാർത്ഥയുടെ മരണത്തെക്കുറിച്ച് 'നികുതി ഭീകരതയുടെ ഇര' എന്നാണ് വാ തുറക്കാൻ ചങ്കൂറ്റമുള്ള വ്യവസായികൾ വിശേഷിപ്പിച്ചത്. രാജ്യത്തിനു നികുതിയും വരുമാനവും തൊഴിലും നൽകുന്ന വ്യവസായ സ്ഥാപനത്തെ സംരക്ഷിക്കാൻ വഴിയൊരുക്കേണ്ടവരാണ് ഉദ്യോഗസ്ഥർ. എന്നാൽ ഇന്ത്യയിലെ 1849 കോഫീ ഷോപ്പുകളും അടച്ചുപൂട്ടിച്ച് മുപ്പതിനായിരത്തിലധികം ജീവനക്കാരുടെ കുടുംബങ്ങളേയും വ്യവസായികളേയും വഴിയാധാരമാക്കണമെന്ന വാശിയിലാണ് ആദായനികുതി ഉദ്യോഗസ്ഥർ.

ബംഗളൂരു ആസ്ഥാനമായുള്ള ബയോ ടെക്നോളജി കമ്പനി ബയോകോണിന്റെ ചെയർപേഴ്സണും മാനേജിംഗ് ഡയറക്ടറുമായ വനിതാ സംരംഭക കിരൺ മജുംദാർ ഷായും പിറകേ, മണിപ്പാൽ ഗ്ലോബൽ എഡ്യൂക്കേഷന്റെ ചെയർമാനും ഇൻഫോസിസിന്റെ മുൻ ഡയറക്ടറുമായ മോഹൻദാസ് പൈയുമാണ് തുറന്നടിച്ചു പ്രതികരിച്ചത്.

ആദായ നികുതി വകുപ്പിന്റെ പീഡനം പോലുള്ള വിഷയങ്ങളെക്കുറിച്ച് മിണ്ടരുത്, മിണ്ടിയാൽ അവർ വച്ചേക്കില്ലെന്ന് ഉയർന്ന ഉദ്യോഗസ്ഥൻ ഫോണിൽ വിളിച്ചുപറഞ്ഞെന്നുകൂടി കിരൺ വെളിപ്പെടുത്തി. കൂടെനിന്നു ചതിക്കുന്ന ഓഹരിയു

ടമകളേയും കിരൺ വിമർശിച്ചു: ലാഭമുള്ളപ്പോൾ അതു നുണയുകയും ലാഭം കുറയുമ്പോൾ റിസ്ക് പങ്കുവയ്ക്കാൻ തയാറാകാതെ പിൻവാങ്ങുകയും ചെയ്യുന്നതാണോ ബിസിനസ്?

രാജ്യത്തിന്റെ പരാജയപ്പെട്ടുകൊണ്ടിരിക്കുന്ന സമ്പദ് വ്യവസ്ഥക്ക് ഉദാഹരണമാണ് സിദ്ധാർത്ഥയെന്ന് കോൺഗ്രസ് നേതാവ് മനു അഭിഷേക് സിംഗ്‌വിയും അന്വേഷണ ഏജൻസികളെ വച്ചുള്ള പ്രതികാര നടപടിയുടെ ഇര എന്ന് കോൺഗ്രസ് നേതാവ് മിലിന്ദ് ദിയോറയും അഭിപ്രായപ്പെട്ടു. കോൺഗ്രസ് ഭരണകാലത്ത് വളർച്ച കൈവരിച്ച വ്യവസായികളേയും കോർപ്പറേറ്റുകളേയും തകർക്കുന്നു എന്ന ആരോപണമാണു കോൺഗ്രസ് നേതാക്കൾ ഉന്നയിക്കുന്നത്.

## രാഷ്ട്രീയ ആയുധം

ആദായ നികുതി വകുപ്പിനേയും സിബിഐയേയും പോലീസിനേയും പട്ടാളത്തേയുമെല്ലാം ഭരിക്കുന്ന പാർട്ടി അവരുടെ രാഷ്ട്രീയ ആയുധമാക്കാറുണ്ട്. അവരുടെ താൽപര്യങ്ങൾക്കു വഴങ്ങാത്തവരെ, ചോദിച്ച പണം നൽകാത്തവരെ ഇല്ലാതാക്കാൻ ഇത്തരം ഭരണഘടനാ സ്ഥാപനങ്ങളെ ദുരുപയോഗിക്കുന്നതു പുത്തൻ രീതിയൊന്നുമല്ല.

ഈയിടെ വ്യവസായികളായ ആന്ധ്രപ്രദേശിലെ തെലുങ്കുദേശം എംപിമാരേയും കർണാടകത്തിലെ കോൺഗ്രസ് എംഎൽഎമാരേയും വിലയ്ക്കെടുത്തതും ഇതേ തന്ത്രം ഉപയോഗിച്ചാണ്.

കോൺഗ്രസ് നേതാവും മുൻ കേന്ദ്രധനമന്ത്രിയുമായ പി. ചിദംബരം, മകൻ കാർത്തി ചിദംബരം, പ്രിയങ്കാ ഗാന്ധിയുടെ ഭർത്താവ് റോബർട്ട് വധേര, കർണാടകത്തിലെ കോൺഗ്രസ് നേതാവ് ശിവകുമാർ, ബംഗാളിലെ തൃണമൂൽ കോൺഗ്രസ് നേതാക്കൾ തുടങ്ങിയവരെ ആദായനികുതി വകുപ്പും എൻഫോഴ്സമെന്റും കുടുക്കിയിട്ടുണ്ട്. ഓഗസ്റ്റ് പകുതിയോടെ മധ്യപ്രദേശ് മുഖ്യമന്ത്രി കമൽനാഥിന്റെ മരുമകൻ രാതുൽ പുരിയുടെ ഏതാണ്ട് 280 കോടി രൂപയുടെ വിദേശ നിക്ഷേപം ആദായനികുതി വകുപ്പ് കണ്ടുകെട്ടി. ഡൽഹിയിലെ 300 കോടിയുടെ ബംഗ്ലാവും കണ്ടുകെട്ടി. അതിനെയെല്ലാം ഈ ഗണത്തിൽ ഉൾപെടുത്തേണ്ടതില്ല.

## ആന്തൂരിലെ കൊലക്കയർ

വ്യവസായികൾക്കും സംരംഭകർക്കും പരവതാനി വിരിച്ചു കാത്തിരിക്കുകയാണു കേരളം. ഒന്നാം പ്രളയ ദുരിതത്തിൽനിന്നു കരകയറാനുള്ള പണം സമാഹരിക്കാൻ കേരളത്തിൽ പ്രളയ സെസ് ഏർപ്പെടുത്തിയിരിക്കുന്നു. ഉപഭോക്താക്കളിൽനിന്ന് പിരിക്കരുതെന്നാണു വ്യാപാരികൾക്കുള്ള നിർദേശം. വ്യാപാരികൾ സ്വന്തം പോക്കറ്റിൽനിന്ന് ഒരു ശതമാനം തുക സെസായി അടയ്ക്കണം. ജിഎസ്ടി റിട്ടേണുകൾക്കു പുറമേ മാസംതോറും സെസ് റിട്ടേൺ സമർപ്പിക്കാൻ ടാക്സ് കൺസൾട്ടന്റുമാർക്കും നൽകണം ഫീസ്.

അതൊക്കെ അവിടെ നിൽക്കട്ടെ. കണ്ണൂർ ജില്ലയിലെ ആന്തൂരിൽ രാഷ്ട്രീയക്കാരും ഉദ്യോഗസ്ഥരും ചേർന്ന് സാജൻ പാറയിൽ എന്ന സംരംഭകനെ 'തൂക്കിക്കൊന്ന'തിന്റെ ചോരപ്പാടുകൾ എത്ര തുടച്ചാലും മായില്ല. തങ്ങൾക്കു പിഴവില്ലെന്നു വാദിച്ച് കോടതിയിൽ കൈകഴുകി തലയൂരിയെന്നതു നേരുതന്നെ. എന്നാൽ, സത്യം ജനങ്ങൾക്കറിയാം. സംരംഭകർക്കും വ്യവസായിക്കും മാത്രമല്ല, സാധാരണക്കാർക്കും സർക്കാർ ഓഫീസുകളിൽ ഇതുതന്നെ അനുഭവം.

സാജൻ നിർമിച്ച കൺവൻഷൻ സെന്ററിന് അനുമതി നിഷേധിക്കാൻ കാരണമന്താണ്? ചട്ടവിരുദ്ധമായാണ് പണിതതെന്നാണ് ഉദ്യോഗസ്ഥരുടെ ആരോപണം. കെട്ടിടത്തിന്റെ പില്ലറുകൾ പ്ലാനിൽ നിർദേശിച്ചതിനേക്കാൾ ഒന്നര ഇഞ്ച് മാറിയിട്ടുണ്ട്. ഭിന്നശേഷിക്കാരുടെ വീൽചെയർ കയറ്റാനുള്ള റാമ്പിന്റെ ചരിവ് രണ്ട് ഇഞ്ച് കുറവാണ്. വാട്ടർ ടാങ്ക് അവിടെ പാടില്ല, ഇവിടെയേ പണിയാവൂ. അഗ്നിശമന സേനാ അധികാരികൾ നൽകിയ അനുമതി സർട്ടിഫിക്കറ്റ് അംഗീകരിക്കില്ല. അതായത് കൺവൻഷൻ സെന്റർ പൊളിച്ചുകളയണം. ഉദ്യോഗസ്ഥർക്കും പാർട്ടിക്കാർക്കും കിട്ടിയ കോഴപ്പണത്തിൽ തൃപ്തിയായിട്ടില്ലെന്നു സാരം.




ക്വാറി ക്രഷർ ലൈസൻസിന് 15 ലക്ഷം രൂപ കോഴ വാങ്ങുന്നതിനിടെ പിടിയിലായ മലിനീകരണ നിയന്ത്രണ ബോർഡ് എൻജിനിയറെ സിബിഐ പിടികൂടിയത് തൃശൂരിലാണ്. അയാളെ സംരക്ഷിക്കാൻ സംസ്ഥാന സർക്കാർ പലതവണ ശ്രമിച്ചെങ്കിലും സുപ്രീം കോടതി ശക്തമായി ഇടപെട്ടതോടെയാണ് സർവീസിൽനിന്ന് പുറത്താക്കിയത്. ഇയാളെ കുടുക്കിയ തൃശൂരിലെ സംരംഭകൻ തന്നെയാണ് പത്തു ലക്ഷം രൂപ കോഴ ആവശ്യപ്പെട്ട രണ്ട് ഇൻകം ടാക്സ് അസിസ്റ്റന്റ് കമ്മീഷണർമാരെ സിബിഐയുടെ കെണിയിൽ വീഴ്ത്തിയത്. അവർ ഇപ്പോഴും സർവീസിലുണ്ട്.

നീതി കിട്ടാൻ കീഴ്ക്കോടതികളിലും ഹൈക്കോടതിയിലും വിജിലൻസ് കോടതിയിലും സുപ്രീം കോടതിയിലുമെല്ലാമായി നൂറോളം കേസുകൾ നടത്തി. ലക്ഷക്കണക്കിനു രൂപയാണ് ഈയിനത്തിൽ ചെലവ്. ഇങ്ങനെയൊരു നിയമയുദ്ധത്തിനു കെൽപില്ലാത്തവരെ ഇല്ലാതാക്കിക്കളയും. അവർക്കെതിരേ സമൂഹം ഉണരണം.


newyear
GROUP OF COMPANIES
ലോകമെങ്ങും ഓഷോയെപ്പോലെയുള്ള നിരവധി പേർ നമുക്കുണ്ടെങ്കിൽ അജ്ഞരായ ജനങ്ങളിൽ വിജ്ഞാനം പകർത്താൻ സാധിക്കും. ഓഷോയെപ്പോലുള്ള ഗുരുക്കൻമാരെ നശിപ്പിക്കാനാണ് ഇന്ന് ലോകം ശ്രമിക്കുന്നത്. അത് തടയണം. അവർ നമുക്ക് വിലപ്പെട്ടവരാണ്. അവരുടെ വളർച്ചയുടെ രൂപാന്തരത്തിന്റെ കഥ നാം പഠിക്കണം. അവർ ജീവിതത്തിൽ പകർത്തിയ വിനയം, നിർഭയമായ സമീപനം, ശാന്തത, നിശബ്ദത തുടങ്ങിയവ എങ്ങനെ നേടിയെടുത്തു എന്ന് നാം മനസ്സിലാക്കണം. മരിക്കുമ്പോൾ പോലും ഓഷോ ശാന്തനായിരുന്നു. ഇവരെ പിൻതുടർന്നു വേണം വിശ്വാസങ്ങളും മനുഷ്യമൂല്യങ്ങളും സംരക്ഷിക്കേണ്ട ആചാരങ്ങൾ നിലനിൽക്കേണ്ടത്.
ഏവർക്കും ന്യൂഇയർ ഗ്രൂപ്പിന്റെ
ഹൃദയം നിറഞ്ഞ
ഓണാശംസകൾ
25 ലക്ഷം
7,500
രൂപയിൽ തുടങ്ങാം
50 ലക്ഷം
15,000
രൂപയിൽ തുടങ്ങാം
Coditions Apply*
NCDC അഖിലേന്ത്യ പ്രസിഡന്റ് ഡോ.എം.എം പ്രസാദ് (M.D ന്യൂഇയർ ഗ്രൂപ്പ്)
2012 ഫെബ്രുവരി, ഏപ്രിൽ മാസത്തിൽ ഫരീദാബാദ് ബ്രാഞ്ചിൽ നിന്ന് തുടങ്ങിയ മാസക്കുറികളിൽ ഒഴിവുവന്ന ടിക്കറ്റുകളിലേക്ക് ചേരുവാൻ ഒരു അവസരം കൂടി. കമ്പനി ഓഫർ തരുന്ന തുകയ്ക്ക് TDS അടയ്ക്കുവാൻ വരിക്കാരൻ ബാധ്യസ്ഥരാണ്
newyear GROUP OF COMPANIES
newyear GOLDEN TEA
THE SIGNATURE OF TEA
Newyear NEWS
Newyear WORLD TV
newyear KURIES
newyear DEVELOPERS
newyear CHITS
DUBAI - THRISSUR - ERNAKULAM - 8086 85 5000 , 8086 81 1000 www.newyearkuries.com - Email:newyearkuries@gmail.com



# വ്യവസായ സൗഹൃദം സ്വപ്നം മാത്രമോ?

**ഡോ. എം.എം.പ്രസാദ്**



**ആ**ന്തൂരിൽ ഒരു പ്രവാസി വ്യവസായി ആത്മഹത്യ ചെയ്തത് വൻ വിവാദമായിരുന്നുവല്ലോ. ഏതാണ്ടതേ സമയത്ത്, അങ്കമാലിക്കടുത്ത് കറുകുറ്റിയിൽ മറ്റൊരു പ്രവാസി വ്യവസായി, ആത്മഹത്യയല്ലാതെ തനിക്ക് മറ്റ് മാർഗങ്ങളില്ലെന്ന് സമൂഹത്തോട് വിളിച്ചുപറയുകയുണ്ടായി. രാഷ്ട്രീയ-ബ്യൂറോക്രാറ്റ് അവിശുദ്ധ കൂട്ടുകെട്ടാണ് ആന്തൂരിൽ പ്രവാസി വ്യവസായിയുടെ ആത്മഹത്യക്ക് പ്രേരകമായതെങ്കിൽ, ഉദ്യോഗസ്ഥരുടെ പിടിവാശിയും ധനാർത്തിയുമാണ് തന്നെ പ്രതിസന്ധിയിലാഴ്ത്തിയതെന്ന് കറുകുറ്റിയിലെ വ്യവസായി പറയുന്നു. ന്യൂ ഇയർ ഗ്രൂപ്പ് ഓഫ് കമ്പനീസിന്റെ മാനേജിംഗ് ഡയറക്ടർ ഡോ. എം.എം.പ്രസാദ്, ഇതുമായി ബന്ധപ്പെട്ടുണ്ടായ സംഭവങ്ങൾ വ്യാപാരകേരളം മാസികയോട് വിശദീകരിക്കുന്നു.

ഡോ. പ്രസാദ് : സംഭവിക്കാൻ പാടില്ലാത്തതാണ് ആന്തൂരിൽ ഉണ്ടായത്. ബിസിനസ് സമൂഹത്തെ നൈരാശ്യത്തിലാഴ്ത്തിയ ഈ സംഭവത്തിന് ഇടയാക്കിയ സാഹചര്യം ഒഴിവാക്കപ്പെടേണ്ടതാണ്. ഒരു പുരുഷായുസ് പ്രവാസത്തിൽ

**രാഷ്ട്രീയ-ബ്യൂറോക്രാറ്റ് അവിശുദ്ധ കൂട്ടുകെട്ടാണ് ആന്തൂരിൽ പ്രവാസി വ്യവസായിയുടെ ആത്മഹത്യക്ക് പ്രേരകമായതെങ്കിൽ, ഉദ്യോഗസ്ഥരുടെ പിടിവാശിയും ധനാർത്തിയുമാണ് തന്നെ പ്രതിസന്ധിയിലാഴ്ത്തിയതെന്ന് കറുകുറ്റിയിലെ വ്യവസായി പറയുന്നു.**

കഴിഞ്ഞ്, കഷ്ടപ്പെട്ട് നേടിയതുമായി സ്വന്തം നാട്ടിൽ തിരിച്ചെത്തുന്ന ഒരാൾക്ക് വലിയ സ്വപ്നങ്ങൾ ഉണ്ടായിരിക്കും. നാട്ടിൽ കുറെ പേർക്കെങ്കിലും തൊഴിൽ കൊടുക്കുക എന്നതാണ് അതിൽ പ്രധാനം. എന്നാൽ, കേരളജനത ലജ്ജിക്കേണ്ടുന്ന സ്ഥിതിയാണ് വ്യവസായ സംരംഭകർക്ക് ഇന്നാട്ടിൽ ലഭിക്കുന്നതെന്ന് പറയാതെവയ്യ.

ഏതു പാർട്ടി അധികാരത്തിൽ ഇരുന്നാലും ഇതൊക്കെ തന്നെയാണ് സംഭവിക്കുന്നത്. രാഷ്ട്രീയമല്ല ഇവിടെ വിഷയമാകുന്നത്. ഉദ്യോഗസ്ഥരുടെ ജന്മിത്ത മനോഭാവവും ദുരയും സംരംഭകർക്ക് വിനയാകുന്ന കാഴ്ചയാണ് നമുക്ക്

ചുറ്റും. സ്വന്തം ജനതക്ക് അത്താണിയാകേണ്ടവർ, അവരെ അടിമകളായി കാണുന്നുവെന്ന യാഥാർഥ്യം നാം തിരിച്ചറിയേണ്ടതുണ്ട്.

എനിക്കുണ്ടായ ദുരനുഭവം പറയാം. 2014ൽ ആണ് അങ്കമാലിയിൽ ഓഫീസ് ആവശ്യത്തിന് ഒരു കെട്ടിടം ലീസിന് എടുക്കുന്നത്. ലോകോത്തര നിലവാരമുള്ള തേയില നാടിനു പരിചയപ്പെടുത്തുകയായിരുന്നു ലക്ഷ്യം. 250 കോടിയുടേതായിരുന്നു പ്രോജക്ട്. 250 പേർക്ക് തൊഴിൽ കൊടുക്കുവാനും ഇതുപകരിക്കും.

സ്വന്തം നാട്. നമ്മുടെ ഉദ്യോഗസ്ഥർ. നമ്മെ നയിക്കുന്ന രാഷ്ട്രീയ നേതൃത്വം. ഇതെല്ലാം അനുകൂലമാകുമെന്ന പ്രതീക്ഷയിലാണ് ഓരോ പ്രവാസി സംരംഭകനും നാട്ടിൽ ബിസിനസിന് തുനിയുന്നത്. ഇതിനെ തകിടം മറിക്കുന്ന അനുഭവമായിരുന്നു എനിക്കുണ്ടായത്.

**ഉദ്യോഗസ്ഥരുടെ ജന്മിത്ത മനോഭാവവും ദുരയും സംരംഭകർക്ക് വിനയാകുന്ന കാഴ്ചയാണ് നമുക്ക് ചുറ്റും. സ്വന്തം ജനതക്ക് അത്താണിയാകേണ്ടവർ, അവരെ അടിമകളായി കാണുന്നുവെന്ന യാഥാർഥ്യം നാം തിരിച്ചറിയേണ്ടതുണ്ട്.**

കൈക്കൂലി കൊടുക്കാതെ ഇലക്ട്രിസിറ്റി കണക്ഷൻ തരില്ലെന്ന നിലപാട് ഇലക്ട്രിസിറ്റി ഉദ്യോഗസ്ഥർ എടുത്തതായിരുന്നു ആദ്യകടമ്പ. എനിക്കതിനോട് യോജിക്കാനായില്ല. ഉദ്യോഗസ്ഥരുടെ ഈ നിലപാടിൽ പ്രതിഷേധിച്ച് അന്ന് 10 ദിവസം നിരാഹാരം അനുഷ്ഠിച്ചശേഷമാണ് താൽക്കാലിക കണക്ഷൻ ലഭിച്ചത്. അതിനുശേഷം ഓരോ സന്ദർഭത്തിലും ഇലക്ട്രിസിറ്റി ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും ഉണ്ടായ മാനസിക പീഡനം വിവരണാതീതമാണ്.

ഇതിന്റെ തുടർച്ചയെന്നോണം 2017ൽ ഇലക്ട്രിസിറ്റി ഉദ്യോഗസ്ഥർ ഇൻസ്പെക്ഷൻ എന്ന പേരിൽ ഒരു പ്രഹസനം നടത്തി. യുക്തിഹീനമായ ഈ പ്രഹസനത്തിനൊടുവിൽ വൻതുകയുടെ ഫൈൻ ആവശ്യപ്പെടുകയും, എനിക്ക് വീണ്ടും നിരാഹാരമെന്ന സമരമുറയിലേക്ക് നീങ്ങേണ്ടിയും വന്നു.

ആന്തൂരിലെ പ്രവാസി വ്യവസായിയെ സമ്മർദത്തിലാക്കിയതുപോലെ ഒരു സാഹചര്യമാണ് എനിക്ക് നേരെയും ഉണ്ടായത്. കമ്പനി എങ്ങനെയും പൂട്ടിക്കുക എന്നതായിരുന്നു അവരുടെ ലക്ഷ്യം. ഒരുപാട് തൊഴിലാളികളും അവരുടെ കുടുംബവും കമ്പനിയെ ആശ്രയിച്ച് ജീവിക്കുന്നുണ്ട്. അവരെയും മുന്നിൽ കണ്ടാണ്, തുടർന്നുള്ള പോരാട്ടത്തിന് ഞാൻ തയാറായത്. നിരാഹാരം എന്ന സമരമുറ തന്നെയായിരുന്നു എന്റെ ആയുധം. അതെനിക്കു സമ്മാനിച്ചത് ഗുരുതരമായ ആരോഗ്യപ്രശ്നങ്ങളാണ്.

എന്നിട്ടും നീതിലഭിക്കാതായപ്പോഴാണ് ആത്മഹത്യ ചെയ്യേണ്ടുന്ന അവസ്ഥ ഞാൻ സമൂഹത്തെ അറിയിച്ചത്. വിദേശിയായിട്ടുപോലും ദുബായിൽ എന്റെ സംരംഭങ്ങൾക്ക് സർക്കാർ തലത്തിൽ ലഭിച്ച ഊഷ്മള പിന്തുണയും, സ്വന്തം നാട്ടിലെ വൈരാഗ്യ ബുദ്ധിയോടെയുള്ള ഉദ്യോഗസ്ഥ പീഡനവും തുലനം ചെയ്തപ്പോൾ നൈരാശ്യത്തിൽ വീണത് സ്വാഭാവികം. നീതിക്കുവേണ്ടി മരിക്കുവാനും തയാറായത് അങ്ങനെയാണ്. സർക്കാർ തലത്തിൽ നടന്ന ഇടപെടലുകളെ തുടർന്ന്, അതിൽനിന്നും പിൻവാങ്ങിയെങ്കിലും ഇനിയും നീതി ലഭിച്ചിട്ടില്ല എന്നതാണ് വാസ്തവം. ഈ വിഷയവുമായി ബന്ധപ്പെട്ട പരിഗണനകൾ നടന്നുവരുന്നു.

ഇന്ത്യയിൽ ഏകദേശം ഒമ്പതരലക്ഷം പേരാണ് 30 ലക്ഷത്തിനു മുകളിൽ സൂപ്പർടാക്സ് കൊടുക്കുന്നത്. അതിൽ ഒരാളാണ് ഞാൻ. നൂറിനു മേലെ ആൾക്കാർക്ക് തൊഴിൽ നൽകിയിട്ടുണ്ട്. എനിക്ക് പ്രയോറിറ്റി വേണമെന്നല്ല ആവശ്യപ്പെടുന്നത്. റിസ്ക് എടുത്താണ് ഓരോ ബിസിനസുകാരനും അവനവന്റെ മേഖലയിൽ പ്രവർത്തിക്കുന്നത്. നിയമം അനുശാസിക്കുന്ന പരിഗണന തീർച്ചയായും ഈ വിഭാഗത്തിന് ലഭിക്കേണ്ടതുണ്ട്.

സംഘടനാ ബലത്തിലാണ് സർക്കാർ ഉദ്യോഗസ്ഥർ, ജനതക്ക് ഹിതകരമല്ലാത്ത പ്രവൃത്തികളിൽ ഏർപ്പെടുന്നത്. സർക്കാരിന്റെ തന്നെ ഭാഗമായ ഉദ്യോഗസ്ഥർക്കല്ല മറിച്ച്, നേരാനേരം ഭക്ഷണത്തിന് കഠിന പ്രയത്നം ചെയ്യുന്ന സാധാരണക്കാർക്കാണ് സംഘടന വേണ്ടതെന്നാണ് എന്റെ അഭിപ്രായം. കാരണം, അവർക്ക് നീതികിട്ടാൻ മറ്റ് മാർഗങ്ങളില്ല, നികുതി പണം പറ്റുന്ന സർക്കാർ ഉദ്യോഗസ്ഥർ, രാജ്യത്തെ സാധാരണക്കാരെ സംരക്ഷിക്കുവാൻ ബാധ്യസ്ഥരാണ്. സംഘടനാ ബലത്തിൽ ഇവർ അതിനു വിരുദ്ധമായി പ്രവർത്തിക്കുന്നു എന്നത് യാഥാർഥ്യമാണ്. ഞാനും ഇവരുടെ ഇരയാണ്.



# കഠിനാധ്വാനം, കൂട്ടായ്മ= വിജയം

**കഴിവുള്ളവരെല്ലാം വിജയിക്കണമെന്നില്ല- അതു കലയിലായാലും കച്ചവടത്തിലായാലും ഒരുപോലെയാണ്. വിജയത്തിലേക്കെത്തിക്കുന്ന ഘടകങ്ങളെക്കുറിച്ച് ഇതാ, ഒരു കലാകാരൻ പറയുന്നു....**

തേജശ്രീ

**ജീ**വിതത്തിലെ ഒട്ടുമിക്ക സന്ദർഭങ്ങളും ഒറ്റയാൾപ്പോരാട്ടംകൊണ്ട് അതിജീവിക്കാനോ വിജയിക്കാനോ ഉള്ളതല്ല. സന്തോഷമായാലും സങ്കടമായാലും, കലയായാലും കച്ചവടമായാലും കൂട്ടായ്മയും കഠിനാധ്വാനവുമാണ് മികച്ച വിജയം നേടുക. ആശയങ്ങളെ വേണ്ടവിധം ആവിഷ്കരിക്കാൻ ഒരു കൂട്ടത്തിന് കൂടുതൽ മികവോടെ സാധിക്കും.

**ഇതാ, ഒരു ചെറുപ്പക്കാരൻ പറയുന്നതു കേൾക്കൂ.**

ഏതാണ്ട് 150 പേർ എന്നോടൊപ്പമുണ്ടായിരുന്നു. അതുകൊണ്ടുതന്നെ ഇത് എന്റെ മാത്രം നേട്ടമല്ല. ഓരോരുത്തരും എന്നെ സൃഷ്ടിപരമായി സഹായിച്ചിട്ടുണ്ട്. അതുകൊണ്ടുതന്നെ ഈ പുരസ്കാരം ഞാൻ എന്റെ മുഴുവൻ ടീമിനുമായി സമർപ്പിക്കുന്നു... ഈ വാക്കുകൾ ശാശ്വത് സച്ച്ദേവ് എന്ന ഇരുപത്തൊമ്പതുകാരന്റേതാണ്. അദ്ദേഹം പരാമർശിച്ച പുരസ്കാരം ചെറുതൊന്നുമല്ല. മികച്ച പശ്ചാത്തല സംഗീതത്തിനുള്ള ദേശീയ ചലച്ചിത്ര അവാർഡ് ആണത്!




### അംഗീകാരം, ധൈര്യം

ഓരോ നേട്ടവും അംഗീകാരവും ഭാവിയിൽ

കൂടുതൽ കഠിനമായി പ്രയത്നിക്കാനുള്ള ധൈര്യമാണ് നൽകുന്നത്. ഈ പുരസ്കാരം ലഭിക്കുമെന്ന് എനിക്ക് യാതൊരു പ്രതീക്ഷയുമില്ലായിരുന്നു. എടുത്തുപറയാൻമാത്രം പ്രോജക്ടുകളുടെയൊന്നും ഭാഗമായിട്ടില്ല ഞാൻ. ബോളിവുഡിൽ ഏതാനും സിനിമകൾക്കുവേണ്ടിയേ ഞാൻ പ്രവർത്തിച്ചിട്ടുള്ളൂ. അതുകൊണ്ടുതന്നെ ഒരു തുടക്കക്കാരനായ എനിക്കു കിട്ടുന്ന ഈ പുരസ്കാരം വളരെ വലിയൊരു കാര്യമാണ്. പരിമിതികൾക്കപ്പുറത്തേക്ക് സ്വയം കടന്നുചെല്ലാൻ ഇതെനിക്കു ധൈര്യം നൽകുന്നു- ശാശ്വത് തുടർന്നു പറയുന്നു.

നിങ്ങൾ ചെയ്യുന്ന ജോലി നല്ലതാണെങ്കിൽ പിന്നെ തടസങ്ങളൊന്നുമില്ല. പ്രായമൊന്നും ഒരു പ്രശ്നമേയല്ല. എന്റെ പ്രായത്തിലുള്ള യുവാക്കൾക്ക് ആത്മവിശ്വാസം പകരുന്നതാണ് ഈ നേട്ടമെന്ന് ഞാൻ കരുതുന്നു. സ്വപ്നങ്ങൾ പിന്തുടർന്നു യാഥാർത്ഥ്യമാക്കാൻ അവർക്കും അവസരങ്ങളുണ്ടാവട്ടെ- ശാശ്വത് കൂട്ടിച്ചേർത്തു.

## പാട്ടിൽനിന്ന് പശ്ചാത്തല സംഗീതത്തിലേക്ക്

രണ്ടുവർഷം മുമ്പ് സംഗീതസംവിധായകനായാണ് ശാശ്വത് ബോളിവുഡിൽ അരങ്ങേറിയത്. ഫിലൗരി, വീരേ ദി വെഡിംഗ് എന്നീ സിനിമകൾക്കുവേണ്ടി ശ്രദ്ധേയമായ പാട്ടുകൾ ചെയ്തു. ഇപ്പോൾ ആദിത്യ ധറിന്റെ ഉറി: ദ സർജിക്കൽ സ്ട്രൈക്ക് എന്ന ചിത്രത്തിന്റെ പശ്ചാത്തല സംഗീതമാണ് അദ്ദേഹത്തെ അവാർഡിന് അർഹനാക്കിയത്.

**തന്റെ പരിശ്രമങ്ങളെക്കുറിച്ച് ശാശ്വത് പറയുന്നതിങ്ങനെ:**

സംഗീതത്തെക്കുറിച്ച് ഏകദേശ ധാരണയായതോടെ ഞാൻ ആദ്യം ചെയ്തത് ബെർലിനിലേക്കു പോകുകയാണ്. ഒരു മോഡുലാർ സിന്തസൈസർ വാങ്ങുകയായിരുന്നു ലക്ഷ്യം. അത് ഇന്ത്യയിൽ ലഭ്യമായിരുന്നില്ല. സൈന്യം, ഭീകരാക്രമണങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട ശബ്ദങ്ങളുണ്ടാക്കാൻ ആ ഉപകരണം അത്യാവശ്യമായിരുന്നു. ഏഴെട്ടുമാസം ഞാൻ അതിൽ ജോലിചെയ്തു. വിയന്നയിൽ പോയാണ് ബാക്ക്ഗ്രൗണ്ട് സ്കോർ റെക്കോർഡ് ചെയ്തത്. 150 പേരടങ്ങുന്ന സംഘമാണ് എന്നോടൊപ്പം പ്രവർത്തിച്ചത്. അവരെല്ലാവരുടെയും കൂടി ശ്രമമാണ് വിജയത്തിലെത്തിയത്.

## പഠനം, യാത്രകൾ

പുതുമകൾക്കൊപ്പം പഴമയുടെ തനിമകൂടി ഉപയോഗപ്പെടുത്തുന്നതാണ് ശാശ്വതിന്റെ സംഗീതം. ഒറിജിനൽ സംഗീതമുണ്ടാക്കുക എന്നതുമാത്രമാണ് ലക്ഷ്യം. ഇന്ത്യൻ ശാസ്ത്രീയസംഗീതവും വെസ്റ്റേൺ മ്യൂസികും അഭ്യസിച്ചിട്ടുണ്ട്. യാത്രകളാണ് തന്റെ സംഗീതത്തെ ഏറ്റവുമധികം സ്വാധീനിക്കുന്നതെന്ന് ശാശ്വത് കരുതുന്നു.

രാജസ്ഥാനിലെ ജയ്പൂരിലാണ് ശാശ്വതിന്റെ ജനനം. മൂന്നാം വയസുമുതൽ സംഗീതപഠനം തുടങ്ങി.

ചിട്ടയും കഠിനാധ്വാനവും കൂട്ടായ്മയും എത്രമാത്രം സർഗാത്മകവും സൃഷ്ടിപരമവുമാകുന്നു എന്നതിന്റെ തെളിവാണ് ഈ യുവാവിന്റെ നേട്ടമെന്നുറപ്പ്.






# ഇൻസോൾവെൻസി കോഡ് കിട്ടാക്കടങ്ങൾക്ക് ശാശ്വത പരിഹാരമാകുമോ



**രാജേഷ്കുമാർ കെ. പിള്ള,**
ചെയർമാൻ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കമ്പനി സെക്രട്ടറീസ് ഓഫ് ഇന്ത്യ തൃശൂർ ചാപ്റ്റർ

അനുദിനം പെരുകി വരുന്ന വ്യാവസായിക ലോകത്തെ കിട്ടാകടങ്ങൾ എക്കാലത്തും ബാങ്കുകൾക്കും മറ്റു ധനകാര്യ സ്ഥാപനങ്ങൾക്കും വലിയ തലവേദന തന്നെയാണ്. തങ്ങൾക്കു കിട്ടേണ്ട സംഖ്യ, മുതലും, പലിശയും, തിരിച്ചു പിടിക്കുക എന്നത് ഏറെ ശ്രമകരമായ ജോലിയാണ് ലോകത്തെല്ലായിടവും. അത് അതിലേറെ ശ്രമകരമായിരുന്നു നമ്മുടെ രാജ്യത്ത്. നീണ്ടു നിൽക്കുന്ന നിയമപോരാട്ടങ്ങൾ എക്കാലത്തും വെല്ലുവിളിയായിരുന്നു. (Protracted legal fight ) നമ്മുടെ രാജ്യത്ത് നിലനിൽക്കുന്ന മൾട്ടി ലെയർ ലീഗൽ സിസ്റ്റം ആ നടപടികളെ കൂടുതൽ സങ്കീർണമാക്കി എന്ന് എടുത്തു പറയേണ്ടതില്ലല്ലോ. ധനകാര്യ സ്ഥാപനങ്ങളുടെ ആരോഗ്യത്തെയും നിൽനിൽപ്പിനെ തന്നെയും അപകടത്തിലാക്കുന്ന നിലയിലേക്ക് നമ്മുടെ രാജ്യത്തും വ്യവസായിക കിട്ടാക്കടം പെരുകി വരുന്നുണ്ട്. രാജ്യത്തു നിലവിലുള്ള പരമ്പരാഗതമായ നീതി നിർവഹണത്തിന്റെ ഭാഗമായി പ്രവർത്തിച്ചു വരുന്ന ഡെബ്റ്റ് റിക്കവറി ട്രിബ്യൂണലുകൾ (Debt Recovery Tribunal) ബാങ്കുകൾക്ക് തങ്ങൾ നൽകിയ വായ്പ തിരിച്ചു പിടിക്കാനുള്ള നിയമസംവിധാനമായിരുന്നു എന്നാൽ കാലക്രമത്തിൽ കേസുകളുടെ ബാഹുല്യം നിമിത്തവും അനിയന്ത്രിതമായ അപ്പീൽ സാധ്യതകളും അവയുടെ പ്രവർത്തന മികവിനെ സാരമായി ബധിക്കുകയും സ്ഥാപിതലക്ഷ്യം കൈവരിക്കാനാകാത്ത അവസ്ഥയിലുമെത്തിച്ചു . ഈ സ്ഥിതി വിശേഷം രാജ്യത്തെ സാമ്പത്തിക മേഖലയിൽ കനത്ത പ്രഹരമേല്പിക്കുകയും ചെയ്യുന്ന സാഹചര്യത്തിലാണ് ലോകത്തെ ഇതര രാജ്യങ്ങൾക്കൊപ്പം കിടപിടിക്കുന്ന പാപ്പരത്ത നിയമം നമ്മുടെ രാജ്യത്തിനും ആവശ്യമാണെന്ന് ബോധ്യപ്പെടുകയും 2016ൽ Insolvency and Bankruptcy Code (IBC) എന്ന നിയമം സെൻട്രൽ ഗവർമെന്റ് പാസ്സാക്കിയത്.

## പാപ്പരത്തം IBC യിൽ

ഈ നിയമത്തിന്റെ ചാപ്റ്റർ II കോർപ്പറേറ്റ് ഇൻസോൾവെൻസിയെ കുറിച്ച് പ്രതിപാദിക്കുന്നു. കോർപറേറ്റ് ഇൻസോൾവെൻസി റെസൊല്യൂഷൻ എന്നാൽ കടക്കെണിയിലായ കമ്പനികളുടെ പാപ്പരത്ത പരിഹാരം എന്ന് മനസിലാക്കാം. ഭാഷയുടെ അപര്യാപ്തതമൂലം പല സാങ്കേതിക വാക്കുകളും ഇംഗ്ലീഷിൽത്തന്നെ പ്രതിപാദിക്കേണ്ടിവരും എന്ന ന്യൂനത വായനക്കാർ സദയം പൊറുക്കുക. IBC നിയമത്തിൽ കമ്പനികളുടെ മാത്രമല്ല മറിച്ചു വ്യക്തികളുടെയും പാർട്ണർഷിപ് വ്യവസ്ഥയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെയും പാപ്പരത്ത പരിഹാരത്തിന് ഈ നിയമത്തിൽ വ്യവസ്ഥ ഉണ്ട്. എന്നാൽ ഇപ്പോൾ പ്രാബല്യത്തിൽ വന്നിട്ടുള്ളത് കമ്പനികളുടെ പാപ്പരത്ത പരിഹാരത്തിനു ആവശ്യമായ വ്യവസ്ഥകളാണ്. അതിനാൽ നമുക്ക് കമ്പനികളുടെ പാപ്പരത്ത പരിഹാരത്തിനുള്ള മാർഗങ്ങളെക്കുറിച്ചു പരിശോധിക്കാം.

## കോർപറേറ്റു ഇൻസോൾവെൻസി റെസൊല്യൂഷൻ പ്രോസസ്സ്

IBC സെക്ഷൻ 4 പ്രകാരം ഒരു ലക്ഷം രൂപയോ അതിൽ കൂടുതലോ ആയ കടം യഥാസമയം കൊടുത്തു തീർക്കാൻ ഒരു കമ്പനിക്ക് കഴിയുന്നില്ലെങ്കിൽ ആ കമ്പനിക്ക് IBC യുടെ പാർട്ട്

II അനുസരിച്ചു ഇൻസോൾവെൻസി നടപടികൾ സ്വീകരിക്കാവുന്നതാണ്. കമ്പനികൾക്കെതിരെ വായ്പ നൽകിയ സ്ഥാപനങ്ങൾക്കോ, സാധനസേവനങ്ങൾ നൽകിയവർക്കോ IBC അനുസരിച്ചു തങ്ങളുടെ വായ്പ തിരിച്ചുപിടിക്കാൻ നടപടികൾ സ്വീകരിക്കാം. മാത്രമല്ല പ്രസ്തുത കമ്പനിക്ക് തന്നെ IBC നടപടികൾ തുടങ്ങാവുന്നതാണ്. IBC ൽ ഉപയോഗിക്കുന്ന ചില പ്രധാനപ്പെട്ട പദങ്ങളും അവയുടെ അർത്ഥവും താഴെ കൊടുക്കുന്നു.

**1. ഫിനാൻഷ്യൽ ക്രെഡിറ്റർ –** പണം കടം നല്കിയ വ്യക്തി അഥവാ സ്ഥാപനം, കടംതിരിച്ചു ചോദിക്കാൻ അധികാരപ്പെടുത്തിയ ആൾ അഥവാ സ്ഥാപനം

**2.ഫിനാൻഷ്യൽ ഡെബ്റ്റ് –**കടം വാങ്ങിയ പണവും പലിശയും

**3.ഓപ്പറേഷണൽ ഡെബ്റ്റ് –**സാധനങ്ങളോ സേവനങ്ങളോ വാങ്ങിയതിന് നൽകേണ്ട വില അഥവാ കൂലി, നിയമാനുസൃതം കേന്ദ്ര, സംസ്ഥാന ഗവണ്മെന്റ്കൾക്കോ സ്വയം ഭരണ സ്ഥാപനങ്ങൾക്കോ നൽകേണ്ട തുക മുതലായവ.

**4.കോർപ്പറേറ്റ് ഡെപ്റ്റർ –**കടപ്പെട്ടിരിക്കുന്ന കമ്പനി.

**5.ഇൻസോൾവെൻസി പ്രൊഫഷണൽ –** IBC 206 വകുപ്പ് പ്രകാരം ഇൻസോൾവെൻസി പ്രൊഫഷണൽ ഏജൻസിയിൽ അംഗമായിട്ടുള്ളതും വകുപ്പ് 207 പ്രകാരം ഇൻസോൾവെൻസി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള വ്യക്തി.

ഈ നിയമത്തിൽ ധാരാളം സാങ്കേതിക വാക്കുകൾ ഉപയോഗിച്ചിട്ടുണ്ടെങ്കിലും മുകളിൽസൂചിപ്പിച്ചവ വളരെ പ്രധാനമാണ്.

## പാപ്പരത്ത പരിഹാര നടപടികളുടെ തുടക്കം

മുകളിൽ സൂചിപ്പിച്ചതു പോലെ കമ്പനികൾക്ക് നൽകിയിട്ടുള്ള വായ്പകൾ തിരിച്ചു പിടിക്കാൻ ഇൻസോൾവെൻസി പരിഹാരത്തിനുള്ള നടപടികൾ വായ്പ നല്കിയ വ്യക്തി അഥവാ സ്ഥാപനത്തിന് അല്ലെങ്കിൽ ആസ്ഥാപനം ചുമതലപ്പെടുത്തിയിട്ടുള മറ്റേതെങ്കിലും ഏജൻസി, കമ്പനിയിലേക്ക് സാധനങ്ങൾ വിതരണം ചെയ്തവർക്കോ സേവനങ്ങൾ നല്കിയവർക്കോ അതല്ലെങ്കിൽ തങ്ങളുടെ കടം കൊടുത്തുതീർക്കാൻ കഴിയില്ലെന്ന് ബോധ്യമായാൽ കമ്പനിക്ക് സ്വമേധയ നടപടികൾ തുടങ്ങാവുന്നതാണ്. IBC വകുപ്പ് 7 പ്രകാരം ഫിനാൻഷ്യൽ ക്രഡിറ്റർക്കും വകുപ്പ് 8ൽ ഓപ്പറേഷനല് ക്രെഡിറ്റർക്കും പാപ്പരത്ത പരിഹാരനടപാടികൾ ആരംഭിക്കാം. നടപടികൾ ആരംഭിക്കുന്നതിന് മുൻപ് ഫിനാൻഷ്യൽ ക്രെഡിറ്റർക്കു ബോധ്യമുണ്ടാകണം കടം കൊടുത്തിരിക്കുന്ന കമ്പനിയുടെ സാമ്പത്തികസ്ഥിതി മോശമാണെന്നും തങ്ങൾ നൽകിയ വായ്പയും പലിശയും തിരിച്ചടക്കുന്നതിൽ കമ്പനി വീഴ്ച വരുത്തി എന്നും. ഫിനാൻഷ്യൽ ക്രെഡിറ്റർ എന്നവാക്ക് നമുക്ക് തത്കാലം ബാങ്ക് എന്ന് വിവക്ഷിക്കാം. ഒരു ബാങ്കിനോ ഒന്നിൽ കൂടുതൽ ബാങ്കുകൾക്ക് ഒരുമിച്ചോ മേല്പറഞ്ഞ നടപടികൾ തുടങ്ങാവുന്നതാണ്. മാത്രമല്ല ഒന്നിൽ കൂടുതൽ ബാങ്കുകൾ ഒരു കമ്പനിക്ക് വായ്പ നല്കിയിട്ടുണ്ടെങ്കിൽ എല്ലാ ബാങ്കുകൾക്കും തിരിച്ചടവിൽ വീഴ്ച വരുത്തണം എന്ന നിർബന്ധവുമില്ല.

മുകളിൽ സൂചിപ്പിച്ച പ്രകാരം പരിഹാര നടപടികൾ തുടങ്ങുന്നത് ഫിനാഷ്യൽ ക്രെഡിറ്ററോ ഓപ്പറേഷനല് ക്രെഡിറ്ററോ NCLT യിൽ (National Company Law Tribunal ) ഫയൽ ചെയ്യുന്നതോടെയാണ്. ഫിനാൻഷ്യൽ ക്രെഡിറ്റർ അഥവാ ബാങ്ക് ആണ് അപ്ലിക്കേഷൻ നൽകുന്നതെങ്കിൽ പ്രത്യേകം തയ്യാറാക്കിയിട്ടുള്ള അപേക്ഷയോടൊപ്പം താഴെപറയുന്ന വിവരങ്ങൾ കൂടി നൽകണം.

**1. കടം വീഴ്ച വരുത്തിയതിന്റെ വിവരങ്ങൾ രേഖകൾ സഹിതം**

**2. ബാങ്ക് നിർദേശിക്കുന്ന റെസൊല്യൂഷൻ പ്രൊഫഷണലിന്റെ വിവരങ്ങൾ**

**3. മറ്റെന്തെങ്കിലും വിവരങ്ങൾ നല്കാനുണ്ടെങ്കിൽ അവ.**

NCLT ഇത്തരം അപേക്ഷകൾ ലഭിച്ചാൽ 14ദിവസത്തിനകം തീർപ്പു കല്പിക്കേണ്ടതാണ്. അപേക്ഷയിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ വസ്തുതാപരമായി ബോധ്യപ്പെട്ടാൽ അപേക്ഷസ്വീകരിക്കുകയും അല്ലാത്തപക്ഷം അപേക്ഷ തള്ളുകയുമാവാം .അപേക്ഷ സ്വീകരിച്ചാൽ ഓർഡർ ഇടുന്ന ദിവസം മുതൽ പാപ്പരത്ത പരിഹാര നടപടികൾ പ്രസ്തുത കമ്പനിയിൽ ആരംഭിച്ചതായി കണക്കാക്കാം. ഓപ്പറേഷനൽ ക്രെഡിറ്റർ അപേക്ഷ നൽകുന്നതിന് മുൻപ് കമ്പനിക്ക് ഒരു നോട്ടീസ് നൽകേണ്ടതാണ്. അത്തരത്തിൽ നോട്ടീസ് കിട്ടിക്കഴിഞ്ഞ് 10 ദിവസത്തിനുള്ളിൽ കൊടുക്കാനുള്ള സംഖ്യ കൊടുത്തുതീർത്തു അതിന്റെ തെളിവ് ഓപ്പറേഷനൽ ക്രെഡിറ്റർക്കു നല്കുകയോ അതല്ല നോട്ടീസിലുള്ള സംഖ്യ ഒരുതർക്കവിഷയമാണെങ്കിൽ അത് ചൂണ്ടിക്കാണിക്കുകയോ ചെയ്യേണ്ടതും അല്ലാത്ത പക്ഷം ഓപ്പറേഷനൽ ക്രെഡിറ്റർക്കു വകുപ്പ് 9അനുസരിച്ചു NCLT മുൻപാകെ പാപ്പരത്ത പരിഹാരത്തിന് അപേക്ഷിക്കാവുന്നതാണു.

## പരിഹാര നടപടികൾ

മുകളിൽ പറഞ്ഞതുപോലെ ഒരു അപേക്ഷ ലഭിച്ചാൽ NCLT യുടെ ആദ്യനടപടി വകുപ്പ് 16 പ്രകാരം ഇടക്കാല റെസൊല്യൂഷൻ പ്രൊഫെഷനലിനെ നിയമിക്കുക എന്നതാണ്. റെസൊല്യൂഷൻ പ്രൊഫെഷനലുകളായി ഇൻസോൾവെൻസി ബോർഡിന്റെ ലൈസൻസുള്ള കമ്പനി സെക്രട്ടറി, ചാർട്ടേർഡ് അക്കൗണ്ടന്റ് വക്കീൽ മുതലായവർക്ക് വലിയ അവസരങ്ങളാണ് ലഭിക്കുന്നത്. ചCLT നിയമിക്കുന്ന ഇടക്കാല പ്രൊഫെഷനലിനു 30ദിവസത്തെ കാലാവധിയാണ് ലഭിക്കുക. ഇടക്കാല പ്രൊഫഷനൽ വകുപ്പ് 17പ്രകാരം കമ്പനിയുടെ പൂർണമായ മാനേജ്മെന്റ് അധികാരങ്ങൾ ഏറ്റെടുക്കുന്നതോടെ കമ്പനിയുടെ ബോർഡ് ഓഫ് ഡിറക്ടർസിനു ഉണ്ടായിരുന്ന അധികാരങ്ങൾ നഷ്ടപ്പെടുകയും ചെയ്യും.

## റെസൊല്യൂഷൻ നടപടികളുടെ കാലാവധി

IBC യുടെ എടുത്തുപറയത്തക്ക പ്രാധാന്യം സമയക്ലിപ്തതയാണ്. IBC യുടെ വകുപ്പ് 12 പ്രകാരം അപേക്ഷകിട്ടി 180 ദിവസത്തിനുള്ളിൽ റെസൊല്യൂഷൻ നടപടികൾ അവസാനിപ്പിക്കേണ്ടതാണ്. പ്രത്യേക സാഹചര്യം നിലനിൽക്കുന്നു എന്ന് NCLT ക്കു ബോധ്യമാകുന്ന പക്ഷം ഒരു

90 ദിവസംകൂടി  നൽകുന്നതിന് നിയമം അനുവദിക്കുന്നു.

## മറ്റു നിയമ നടപടികൾക്ക് നിയന്ത്രണം (Moratorium)

അപേക്ഷ സ്വീകരിക്കുകയും ഇടക്കാല പ്രൊഫഷനലിനെ നിയമിക്കുകയും ചെയ്യുമ്പോൾ തന്നെ കടക്കെണിയിൽ പെട്ടിരിക്കുന്ന കമ്പനിക്കെതിരെ ഏതെങ്കിലും കോടതിയിൽ കേസുകൾ ഫയൽ ചെയ്യുന്നതിനോ, നിലവിലുള്ളകേസുകളിൽ തുടർനടപടികൾ സ്വീകരിക്കുന്നതിനും തീർപ്പാക്കിയ വിധികൾ മരവിപ്പിക്കുന്നതിനും ആവശ്യമായ വിധികൾ പുറപ്പെടുവിക്കും. കൂടാതെ കമ്പനിയുടെ ആസ്തികൾ വിൽക്കാനോ, പണയ ഈടുകൾ വസൂലാക്കാനോ ഇടപാടുകാർക്ക് ആകില്ല. വകുപ്പ്  13 പ്രകാരം പുറപ്പെടുവിക്കുന്ന വിധി അനുസരിച്ച് ആർക്കെങ്കിലും കമ്പനിയിൽ നിന്നും എന്തെങ്കിലും ലഭിക്കാനുണ്ടെകിൽ അതിനുള്ള അപക്ഷകൾ സമർപ്പിക്കാനുള്ള  അവസരം നല്കി കൊണ്ട് പൊതു നോട്ടീസ് പുറപ്പെടുവിക്കും. (വകുപ്പ് 15)

ഇടക്കാല പ്രൊഫഷണൽ കമ്പനിയുടെ ദൈനംദിന പ്രവർത്തനങ്ങൾ ഏറ്റെടുക്കുകയും, കമ്പനിയുടെ ആസ്തി ബാധ്യതകൾ ക്രോഡീകരിച്ചും, സംരക്ഷിച്ചും പണം ലഭിക്കാനുള്ളവരുടെ ലിസ്റ്റ് തയ്യാറാക്കൽ എന്നിവയെല്ലാം ചെയ്യേണ്ടതാണ്. കൂടാതെ ഇടക്കാല പ്രൊഫഷണൽ ക്രെഡിറ്റേഴ്സ് കമ്മിറ്റി രൂപീകരിക്കേണ്ടതുണ്ട്. ഈ കമ്മിറ്റിയിൽ കമ്പനിക്ക് വായ്പനൽകിയിട്ടുള്ള ബാങ്കുകളും മറ്റു ധനകാര്യ സ്ഥാപനങ്ങളുമാണ് അംഗങ്ങൾ. സാധനങ്ങളും സേവനങ്ങളും നല്കിയവകയിൽ പണം കിട്ടേണ്ട ഓപ്പറേഷണൽ  ക്രെഡിറ്റേഴ്സ് അംഗങ്ങൾ അല്ല.

## റെസൊല്യൂഷൻ പ്രൊഫഷണൽ

മുകളിൽ സൂചിപ്പിച്ച ക്രെഡിറ്റേഴ്സ് കമ്മിറ്റി രൂപീകരിച്ച ശേഷം 7 ദിവസത്തിനുള്ളിൽ  മീറ്റിംഗ് വിളിക്കേണ്ടതും വകുപ്പ് 22 പ്രകാരം റെസൊല്യൂഷൻ പ്രൊഫെഷനലിനെ വോട്ടിംഗിൽ കൂടി തിരഞ്ഞെടുക്കേണ്ടതാണ്. ഇടക്കാല പ്രഫഷനലിനെയോ അതെല്ലകിൽ മറ്റേതെങ്കിലും പ്രൊഫഷണലിനേയോ നിയമിക്കാം. ക്രെഡിറ്റേഴ്സ് കമ്മിറ്റിയുടെ എല്ലാ തീരുമാനങ്ങൾക്കും 75 ശതമാനം ഭൂരിപക്ഷം ആവശ്യമാണ്.  ഇങ്ങനെ നിയമിതനാകുന്ന റെസൊല്യൂഷൻ പ്രൊഫഷണലിനു NCLT യുടെ അംഗീകാരം ആവശ്യമാണ്. NCLT അംഗീകരിച്ചാൽ പാപ്പരത്ത പരിഹാരം നടത്തേണ്ടത് ആ പ്രൊഫഷണലിന്റെ കടമയാണ്. അദ്ദേഹം കമ്പനിയുടെ ദൈനം ദിന പ്രവർത്തനങ്ങൾ നടത്തുകയും കമ്പനിയുടെ ആസ്തി ബാധ്യതകൾ തിട്ടപ്പെടുത്തുകയും കമ്പനിയുടെ ബാധ്യതകൾ പരിഹരിക്കുന്നതിന് ആവശ്യം നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## എന്താണ് റെസൊല്യൂഷൻ പ്ലാൻ

കമ്പനികൾ പലപ്പോഴും കടക്കെണിയിലാകുന്നത് കമ്പനിയുടെ പ്രവർത്തനം ലാഭകരമല്ലാത്തതിനാലാണ്. അങ്ങനെ വരുമ്പോൾ കമ്പനിയുടെ കട ബാധ്യകൾ കാലക്രമത്തിൽ ലഭ്യമായ ആസ്തികളെക്കാൾ കൂടാനും സാധ്യതകളുണ്ട്. IBC യുടെ പരിധിയിൽ പാപ്പരത്ത പരിഹാരത്തിന് രണ്ട് മാർഗങ്ങളാണ് നിലവിലുള്ളത് (1) കമ്പനിയെ നിലനിർത്തിക്കൊണ്ടുള്ള പരിഹാരം (വകുപ്പ് 30, 31)(2) കമ്പനി ലികിഡേഷൻ(വകുപ്പ് 33).

റെസൊല്യൂഷൻ പ്രൊഫഷണലിന്റെ പ്രഥമ പരിഗണന കമ്പനിയെ നിലനിർത്തിക്കൊണ്ടും അതിന്റ ബിസിനസ് തുടർന്നു പോകുന്നതിനും ഉതകുന്ന പരിഹാരമാർഗങ്ങളാണ്. അതിനു ഏറ്റവും അനുയോജ്യം കമ്പനിയുടെ അപ്പോഴത്തെ അവസ്ഥയിൽ വാങ്ങാൻ തയാറായ  ആളെ കണ്ടെത്തുക എന്നതാണ്. അങ്ങനെ വരുന്ന ആൾ നൽകുന്ന വില ക്രെഡിറ്റേഴ്സ് കമ്മിറ്റി അംഗീകരിച്ചാൽ റെസൊല്യൂഷൻ അപ്ലിക്കേഷൻ NCLT പരിശോധിച്ചു തീർപ്പ് കല്പിക്കുന്നതോടെ റെസൊലൂഷൻ പ്രാബല്യത്തിൽ വരും . പ്രായോഗികമായ റെസൊല്യൂഷൻ പ്ലാൻ ഇല്ല എങ്കിൽ NCLT കമ്പനി ലിക്വിഡേഷൻ ഓർഡർ ചെയ്യും.

**ബാങ്കുകളിലും ഇതര ധനകാര്യ സ്ഥാപനങ്ങളിലും പെരുകുന്ന കിട്ടാക്കടം സമയബന്ധിതമായി പരിഹരിക്കാൻ ഐ.ബി.സി. ഒരു പരിധിവരെ സഹായകമാണ്. നമ്മുടെ രാജ്യത്ത് ഇൻസോൾവെൻസി റെസൊല്യൂഷൻ അതിന്റെ ശൈശവ ദശയിലാണ്. രാജ്യത്തെ വിവിധ എൻ.സി.എൽ.ടി. ബഞ്ചുകളിൽ ധാരാളം കേസുകൾ പരിഗണയിലാണ്. ഈ നിയമം തുടർന്നുള്ള നാളുകളിൽ നല്ല പരിഹാരമാർഗമാകുമെന്നും രാജ്യം കൂടുതൽ നിക്ഷേപ സൗഹൃദമാകുമെന്നും നമുക്ക് പ്രത്യാശിക്കാം.**

IBC യുടെ ഫ്രെയിം വർക്കിൽ  കൂടി ആയാലും. വായ്പ നല്കുന്ന ബാങ്കുകളും ധനകാര്യ സ്ഥാപനങ്ങളും തങ്ങൾക്ക് കിട്ടാനുള്ള സംഖ്യയിൽ വലിയ വിട്ടുവീഴ്ച വരുത്തേണ്ടതായി വരും, കാരണം കമ്പനിയിൽ റെസൊല്യൂഷൻ പ്ലാൻ പ്രകാരം മുതൽമുടക്കുന്നവർ കമ്പനിയുടെ അപ്പോഴത്തെ അവസ്ഥയിൽ വിറ്റാൽ ലഭിക്കുന്ന സംഖ്യ മാത്രമാകും നല്കാൻ തയ്യാറാവുക  ഇത് കമ്പനിയുടെ മൊത്തം ബാധ്യതകൾ  തീർക്കാൻ മതിയാവുകയില്ല. എങ്കിലും ഈ നിയമത്തിനു കീഴിൽ പാപ്പരത്ത പരിഹാര നടപടികൾക്ക് കാലയളവ് നിജപ്പെടുത്തിയിട്ടുള്ളത് വലിയ അനുഗ്രഹമാണ്. 180 ദിവസത്തിനുള്ളിൽ തീരുമാനമാകേണ്ടതാണ്, അല്ലെങ്കിൽ ഒരു  90 ദിവസം കൂടി കാക്കണം.

ഈ നിയമത്തിന്റെ മറ്റു സാങ്കേതിക വശങ്ങൾ വിസ്താര ഭയത്താൽ ഇവിടെ  പ്രതിപാദിക്കുന്നില്ല.അത് മറ്റൊരവസരത്തിൽ ശ്രമിക്കാം.  ബാങ്കുകളിലും ഇതര ധനകാര്യ സ്ഥാപനങ്ങളിലും പെരുകുന്ന കിട്ടാക്കടം സമയബന്ധിതമായി  പരിഹരിക്കാൻ ഐ.ബി.സി. ഒരു പരിധിവരെ സഹായകമാണ്. നമ്മുടെ രാജ്യത്ത് ഇൻസോൾവെൻസി റെസൊല്യൂഷൻ അതിന്റെ ശൈശവ ദശയിലാണ്. രാജ്യത്തെ വിവിധ എൻ.സി.എൽ.ടി. ബഞ്ചുകളിൽ ധാരാളം കേസുകൾ പരിഗണയിലാണ്. ഈ നിയമം തുടർന്നുള്ള നാളുകളിൽ നല്ല പരിഹാരമാർഗമാകുമെന്നും രാജ്യം കൂടുതൽ നിക്ഷേപ സൗഹൃദമാകുമെന്നും നമുക്ക് പ്രത്യാശിക്കാം.




East Fort, **THIRUVANANTHAPURAM.** Ph: 0471-2570481 • Boat Jetty Road, **ALAPPUZHA.** Ph: 0477-2230071 • Dharmodhayam Building, Round East, **THRISSUR.** Ph: 0487-2331812 • T.B. Road, **KOTTAYAM.** Ph: 0481-2565015, 0481-2565016 • Hospital Road, **PERINTHALMANNA.** Ph: 04933-229637 • Near Municipal Bus Stand, R.S.Road, **PALAKKAD.** Ph: 0491-2530916.

/josalukkasjewellery TAMIL NADU | KARNATAKA | KERALA | ANDHRA | TELANGANA | PONDICHERRY Jos Alukkas group

# നമ്മുടെ ശത്രു നമ്മൾ തന്നെ



**ദേവൻ നായർ**
Director, Sonnet Creations Pvt Ltd.
Thrissur

**കൈ**യ്യിൽ കിട്ടുന്നതെന്തും നശിപ്പിക്കുവാനുള്ള ഒരു പ്രവണത നമ്മൾ ഭാരതീയർക്കുണ്ട്. അത് മികച്ച സ്ഥാപനങ്ങളായാലും ആശയങ്ങളായാലും സംഘടനകളായാലും. ഇത് ഏറ്റവും രൂക്ഷമായിക്കാണുന്നത് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നേർക്കാണ്. ലോക നിലവാരത്തിലുള്ള ഒരു യൂണിവേഴ്സിറ്റിയും ഇന്ത്യയിൽ ഇല്ല. മറിച്ച് വിദേശരാജ്യങ്ങളിലെ യൂണിവേഴ്സിറ്റികളെ നോക്കൂ – അവയെന്നും മികവ് പുലർത്തിക്കൊണ്ടിരിക്കുന്നു. ഹാവാർഡും കേംബ്രിഡ്ജും ഓക്സ്ഫോർഡും സ്റ്റാൻഫോർഡും ഒക്കെ അവയുടെ മികവ് കാത്തുസൂക്ഷിക്കുന്നു. ഇന്നും വിദ്യാഭ്യാസ മേഖലയുടെ ക്വാളിറ്റിയുടെ അളവുകോൽ ഇവയൊക്കെത്തന്നെ. നമ്മുടെ അഴിമതിക്കാരായ രാഷ്ട്രീയക്കാരുടെയും ഉദ്യോഗസ്ഥരുടേയും മക്കൾ ഇവിടേയ്ക്കാണ് ഉന്നതപഠനത്തിന് പോകുന്നത്. ഈ സ്ഥലങ്ങളിലെ ഭരണകൂടങ്ങൾ ഭരണകർത്താക്കൾ എന്നിവയൊക്കെ മാറിമാറി വരുന്നുണ്ട്. എന്നിട്ടും നൂറ്റാണ്ടുകളായി ഇവ തലയുയർത്തിനിൽക്കുന്നു.

ലോക മഹായുദ്ധങ്ങൾ വരെ ഇവയുടെ മികവിനെ ബാധിച്ചിട്ടില്ല. ഇതാണോ നമ്മുടെ നാട്ടിലെസ്ഥിതി? സാക്ഷാൽ സി.പി. രാമസ്വാമി അയ്യർ രൂപകൽപ്പന ചെയ്ത സർവ്വകലാശാലയാണ് തിരുവതാംകൂർ. പിന്നീട് കേരള സർവ്വകലാശാലയായി മാറി. ഇതിന്റെ ആദ്യത്തെ വൈസ് ചാൻസലറായി ഇരിക്കുവാൻ സി.പി. ക്ഷണിച്ചത് സാക്ഷാൽ ആൽബർട്ട് ഐൻസ്റ്റിനെയാണ്. ക്ഷണത്തിന് നന്ദി പറഞ്ഞുകൊണ്ട് ജോലിത്തിരക്കുകാരണം ഇതിനു കഴിയില്ലെന്ന് ഐൻസ്റ്റീൻ സി.പി. യെ അറിയിച്ചു. നോക്കൂ, മികവിനു വേണ്ടിയുള്ള സി.പി. യുടെ ഈ പ്രവൃത്തിയെ ആദരിച്ചല്ലേ പറ്റൂ. സി.പി. ദുഷ്ടനും പരാക്രമിയുമായ ഭരണാധികാരിയാണെന്ന് കേരളചരിത്രം രേഖപ്പെടുത്തുന്നു. എന്താണ് സി.പി. ചെയ്ത കുറ്റം? മഹാരാജാവിന്റെ അല്ലെങ്കിൽ റാണിയുടെ കൽപ്പനകൾ ഉദ്യോഗസ്ഥനായ സി.പി. കർശനമായി നടപ്പിലാക്കി. മുഖ്യ മന്ത്രി പിണറായി വിജയന്റെ കൽപ്പനകൾ ചീഫ് സെക്രട്ടറി നടപ്പിലാക്കുന്നതുപോലെ. സി.പി. കുറ്റക്കാരനാണെങ്കിൽ മഹാരാജാവും കുറ്റക്കാരൻ തന്നെ. പക്ഷെ നമ്മൾ മഹാരാജാവിനെ വാഴ്ത്തി. സി.പി യെ വെട്ടി. നല്ലതെന്തും ചെയ്യുന്നവരെ വെട്ടിനിരത്തുന്ന സംസ്ക്കാരം നമുക്കുണ്ട്.

വെട്ടിയവനെ ഹീറോ ആക്കുകയും ചെയ്യും.തിരുവതാംകൂറിൽ നിന്നും പോയ സി.പി. യെ പിന്നെ നാം കാണുന്നത് ബനാറസ് ഹിന്ദു സർവ്വകലാശാലയുടെ വൈസ് ചാൻസലറായിട്ടാണ്. കേരളസർവ്വകലാശാലയുടെ ഇന്നത്തെ അവസ്ഥയെന്ത്? ഒരു കാലത്ത് കത്തിനിന്നിരുന്ന ഈ സർവ്വകലാശാലയുടെ സർട്ടിഫിക്കറ്റ് പി.എസ്.സി. ക്ക് ജോലി കിട്ടാം എന്നതല്ലാതെ മറ്റെന്തു ഗുണമാണുള്ളത്? ഉമിക്കരി പൊതിയാൻ കൊള്ളാം എന്നല്ലാതെ. ഈയിടെ തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ നടന്ന സംഭവങ്ങൾ ഈ സർവ്വകലാശാലയുടെ പതനത്തെ ഒന്നുകൂടികാണിക്കുന്നു. ഇവിടുത്തെ വിദ്യാർത്ഥി സംഘടനകൾ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന് വേണ്ടി സമരം ചെയ്യുന്നതായി കേട്ടുകേൾവിയില്ല. പകരം ഗുണ്ടായിസം നടപ്പിലാക്കുന്നതിലാണ് അവർക്ക് ശ്രദ്ധ. ഓരോ സംഘടനകളും അവർക്ക് ആധിപത്യമുള്ള കോളേജുകളിൽ ഒരുതരം അധോലോകം സൃഷ്ടിക്കുന്നു. പ്രിൻസിപ്പാളുടെ തലക്ക് നേർക്ക് റിവോൾവർ ചൂണ്ടി പരീക്ഷയ്ക്ക് മാർക്കിടാൻ പറയുന്ന ബീഹാറികളുടെ ലെവലിലേക്ക് നമ്മൾ മാറിക്കഴിഞ്ഞു.

അദ്ധ്യാപക സംഘടനകൾ ഈ ഗുണ്ടകളുടെ ഔദാര്യത്തിൽ നിലനിന്നു പോവുകയാണ്. ഇതിന് ഒരൊറ്റ പരിഹാരമേയുള്ളൂ. വിദ്യാർത്ഥി സംഘടനകളേയും അതിനുമുമ്പ് അദ്ധ്യാപകസംഘടനകളേയും കോളേജിൽ നിന്ന് നിരോധിക്കുക. ചുരുങ്ങിയത് പത്ത് വർഷത്തേയ്ക്ക്.

അല്ലെങ്കിൽ നമ്മുടെ വിദ്യാഭ്യാസ നിലവാരം സുഡാനിലേയും മ്യാൻമറിലേയും നിലവാരത്തിലേയ്ക്ക് താഴ്ന്ന് പോകും. ഇക്കാര്യത്തിൽ നമ്മുടെ ശത്രുക്കൾ നമ്മൾ തന്നെയാണ്. കുരുക്ഷേത്രത്തിൽ യുദ്ധനിര കണ്ട് പകച്ചുപോയ അർജ്ജുനൻ കൃഷ്ണനോടു ചോദിച്ചു. ഈ ആൾക്കൂട്ടത്തിൽ എന്റെ ബന്ധുക്കളാരാണ് ശത്രുക്കളാരാണ്? കൃഷ്ണൻ ചിരിച്ചുകൊണ്ട് രണ്ടുവരി ശ്ലോകം ചൊല്ലി.

‘ആത്മാൻ ആത്മനോബന്ധു
ആത്മാനോ രിപുരാത്മ നാ‘

അർജ്ജുനാ നിന്റെ ബന്ധുവും ശത്രുവും നീ തന്നെയാണ്. ആദ്യം അതിനാട് യുദ്ധം ചെയ്യൂ.

കായികരംഗത്തെ പുത്തൻ പ്രവണതകൾ അവതരിപ്പിക്കുന്ന പംക്തിയാണ് **മൈതാനം.** സ്കൂൾ തലം മുതൽ അന്തർദേശീയ കായികമത്സരങ്ങളുൾപ്പെടെ ഇന്ത്യൻ പ്രതിഭാസാന്നിധ്യം ഇവിടെ പരാമർശിക്കപ്പെടും. അഭിനന്ദനാർഹമായ നേട്ടങ്ങളും കുറവുകൾ പരിഹരിക്കുന്നതിനുള്ള നിർദേശങ്ങളും സമഗ്രമായി പ്രതിപാദിക്കുന്നതാകും ഈ പംക്തി.



## മൈതാനം

റയൻ ജോസഫ്

# ലോക നെറുകയിൽ സിന്ധു

ബാഡ്മിന്റൺ ലോകചാമ്പ്യൻഷിപ്പിൽ സ്വർണം നേടുന്ന ആദ്യ ഇന്ത്യൻ വനിതയെന്ന അഭിമാനനേട്ടം, പുസർല വെങ്കട്ട സിന്ധു എന്ന പി.വി.സിന്ധുവിന്. 2019 ഓഗസ്റ്റ് 25ന് സ്വിറ്റ്സർ



ലണ്ടിലെ ബാസിലിൽ നടന്ന ഫൈനലിൽ മൂന്നാം സീഡ് ജപ്പാന്റെ നൊസോമി ഒക്കുഹാരയെ നേരിട്ടുള്ള ഗെയിമുകൾക്ക് (21-7, 21-7) മറികടന്നാണ് സിന്ധു ചരിത്രം കുറിച്ച് ലോകചാമ്പ്യനായത്.

2017ലും 2018ലും ലോക ചാമ്പ്യൻഷിപ്പ് ഫൈനലിൽ എത്തിയിരുന്നെങ്കിലും പരാജയപ്പെടുകയായിരുന്നു. 2013ൽ ലോക ബാഡ്മിന്റൺ ചാമ്പ്യൻഷിപ്പിൽ സിംഗിൾസ് വെങ്കലം നേടുന്ന ആദ്യ ഇന്ത്യൻ വനിത എന്ന നേട്ടത്തിന് സിന്ധു അർഹയായിരുന്നു.

## അഞ്ചാം സ്വർണ്ണം നേടി ഹിമ ദാസ്

ഏപ്രിലിൽ നടന്ന ഏഷ്യൻ അത്‌ലറ്റിക്സ് ചാമ്പ്യൻഷിപ്പിനു ശേഷം 400 മീറ്റർ മത്സര ഇനത്തിൽ തിരിച്ചെത്തിയ ഹിമ ദാസ്, നൊവേ മെസ്ട്രോ ചെക്ക് റിപ്പബ്ലിക്കിൽ തന്റെ അഞ്ചാം സ്വർണ്ണ മെഡൽ സ്വന്തമാക്കി. 52.09 സെക്കൻഡ് എന്ന സീസണിലെ മികച്ച സമയമാണ് ഹിമ ഈ മത്സരത്തിലൂടെ കുറിച്ചത്. ജൂലൈ രണ്ടിനുശേഷം വിവിധ അത്‌ലറ്റിക്സ് മീറ്റുകളിലായി നടക്കപ്പെട്ട മൂന്ന് 200 മീറ്റർ മത്സരങ്ങളിലും, ടാബർ അത്‌ലറ്റിക്സ് മീറ്റിലും ഹിമ നേടിയ സ്വർണ്ണമെഡലുകൾ ചേരു



മ്പോൾ, ഈ വിജയം ഹിമയുടെ ജൂലൈക്ക് ശേഷമുള്ള അഞ്ചാം സ്വർണ്ണമെഡൽ നേട്ടമായി മാറി.

## ജൂണിയർ ലോക ടൈറ്റിൽ നേടി ദീപക് പൂനിയ

2001നുശേഷം നീണ്ട പതിനെട്ട് വർഷത്തെ കാത്തിരിപ്പിനൊടുവിൽ ഗുസ്തിയിൽ ദീപക് പൂനി



**ജൂനിയർ ലോക ചാമ്പ്യൻ സ്വന്തമാക്കിയ ദീപക് പൂനിയ**

യ ഇന്ത്യക്ക് വേണ്ടി ജൂണിയർ ലോക ടൈറ്റിൽ സ്വന്തമാക്കി. 86 കിലോഗ്രാം ജൂണിയർ ഫ്രീ സ്റ്റൈൽ വിഭാഗത്തിൽ റഷ്യയുടെ അലിക് ഷെബ്സുകോവിനെതിരായിരുന്നു ദീപക് പൂനിയയുടെ ജൂണിയർ ലോക ചാമ്പ്യൻ നേട്ടം. രണ്ടായിരത്തി പതിനാറിൽ ദീപക്, കാഡറ്റ് ലോക ടൈറ്റിലും സ്വന്തമാക്കിയിരുന്നു.

## 2022 കോമൺവെൽത്ത് മത്സരം – ഇന്ത്യയുടെ പിന്മാറ്റ നിലപാട് അനുനയിപ്പിക്കാൻ ശ്രമം

ബിർമിൻഗാമിൽ വച്ച് രണ്ടായിരത്തി ഇരുപത്തിരണ്ടിൽ നടക്കുന്ന കോമൺവെൽത്ത് മത്സരത്തിൽ, ഷൂട്ടിംഗ് കായിക ഇനങ്ങളിൽ നിന്ന് ഒഴിവാക്കിയതിനെ തുടർന്നുള്ള ഇന്ത്യയുടെ പിന്മാറ്റ നിലപാടിനെ അനുനയിപ്പിക്കാൻ ശ്രമം. യുണൈറ്റഡ് കിംഗ്ഡം കായിക മന്ത്രി നിഗൽ ആദം ആണ് ഇതു സംബന്ധിച്ച് പ്രതികരിച്ചത്. ഇന്ത്യ മത്സരങ്ങളിൽ ഭാഗമാവേണ്ടത് ആവശ്യമാണെന്നും, ഇതിനായി കോമൺവെൽത്ത് ഫെഡറേഷനുമായി ചർച്ച തുടരുമെന്നും അദ്ദേഹം അറിയിച്ചു. ഇന്ത്യയുടെ ഉറച്ച മെഡൽ സാധ്യത വിഭാഗമാണ് ഷൂട്ടിംഗ് മത്സരങ്ങൾ. കോമൺവെൽത്ത് മത്സരങ്ങളിൽ ഭാഗമാക്കാൻ സാധ്യമാകാത്ത സാഹചര്യത്തിൽ, സമാന്തര കോമൺവെൽത്ത് ടൂർണമെന്റായി ഷൂട്ടിംഗ് മത്സരങ്ങൾ നടത്തുന്ന കാര്യവും പരിഗണനയിലെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.

## വി.ബി.ചന്ദ്രശേഖർ വിടവാങ്ങി

മുൻ ഇന്ത്യൻതാരം വി.ബി.ചന്ദ്രശേഖർ മൈലാപ്പൂരിൽ മുറിയിൽ തൂങ്ങിമരിച്ച നിലയിൽ കാണപ്പെട്ട സംഭവത്തിൽ സാമ്പത്തിക ബാധ്യതകൾ ആകാം മരണകാരണമെന്ന നിഗമനത്തിൽ അന്വേഷണവിഭാഗം. ടി.എൻ.പി.എൽ (തമിഴ്നാട് പ്രീമിയർ ലീഗ്) ലീഗിൽ 2016ൽ തിരുവള്ളൂർ ഫ്രാൻചൈസിനെ 3.48 കോടിക്ക് സ്വന്തമാക്കിയ അദ്ദേഹം, വാർഷിക ഫ്രാൻചൈസ് ഫീ ഇനത്തിൽ വൻ തുക ഓരോ വർഷവും നൽകേണ്ട സാഹചര്യമുണ്ടായിരുന്നു. സുഗമമായ നടത്തിപ്പിനായി വായ്പ സ്ഥാപനങ്ങളിൽ നിന്നെടുക്കേണ്ടിവന്ന വായ്പകളും, ടീമിന്റെ ടി.എൻ.പി.എലിലെ ആദ്യ മൂന്ന് വർഷത്തെ മോശം പ്രകടനങ്ങളും, ടൂർണമെന്റിൽനിന്ന് പ്രതീക്ഷകൾക്കൊത്ത വരുമാനം ലഭിക്കാത്തതും കോടികളുടെ സാമ്പത്തിക ബാധ്യതകളാണ് ഇദ്ദേഹത്തിന് ഉണ്ടാക്കിയത്.

## അഞ്ച് മാസങ്ങൾക്കിപ്പുറം സെഞ്ച്വറി കണ്ടെത്തി വിരാട് കോഹ്‌ലി

വെസ്റ്റ് ഇൻഡീസിനെതിരായ രണ്ടാം ഏകദിന മത്സരത്തിൽ നൂറ്റിയിരുപത് റൺസുമായി ഇന്ത്യൻ ക്രിക്കറ്റ് ടീം നായകൻ വിരാട് കോഹ്‌ലി, കഴിഞ്ഞ അഞ്ച് മാസകാലയളവിനു ശേഷം സെഞ്ചുറി കണ്ടെത്തി. ഈ വർഷം മാർച്ച് എട്ടിനുശേഷം കോഹ്‌ലി നേടുന്ന ആദ്യ സെഞ്ചുറിയാണിതെങ്കിലും, ലോകകപ്പ് മത്സരങ്ങളിൽ സ്ഥിരതയാർന്ന പ്രകടനങ്ങളിലൂടെ തുടർച്ചയായ അർധ സെഞ്ചുറികൾ കോഹ്‌ലി നേടിയിരുന്നു. ഈ പ്രകടനത്തിലൂടെ തന്റെ എഴുപത്തി ഏഴാം അന്താരാഷ്ട്ര സെഞ്ചുറിയാണ് വിരാട് കോഹ്‌ലി തികച്ചത്.




## പരിശീലകൻ രവിശാസ്ത്രി തന്നെ

ഇന്ത്യൻ ക്രിക്കറ്റ് ടീം പരിശീലകനായി രവിശാസ്ത്രി വീണ്ടും തെരഞ്ഞെടുക്കപ്പെട്ടു. രണ്ട് വർഷത്തേക്കു കൂടിയാണ് രവി ശാസ്ത്രി തൽസ്ഥാനത്ത് തുടരുക. ഇന്ത്യക്ക് ക്രിക്കറ്റ് ലോകകപ്പ് നേടിത്തന്ന മുൻ ടീം നായകൻ കപിൽ ദേവ്, മുൻ നാഷണൽ കോച്ച് അൻഷുമാൻ ഗീക്വഡ്, മുൻ വനിതാ ടീം ക്യാപ്റ്റൻ ഷാന്ത രംഗസ്വാമി എന്നിവരടങ്ങിയ മൂന്നംഗ സമിതിയാണ് പരിശീലകനെ തെരഞ്ഞെടുക്കാനായി നിയോഗിക്കപ്പെട്ടത്.



**പരിശീലകനായി വീണ്ടും രവി ശാസ്ത്രി**

ന്യൂസിലൻഡുമായുള്ള സെമിഫൈനൽ മത്സരത്തിൽ ഇന്ത്യ ചെറിയ മാർജിനിൽ പരാജയപ്പെട്ടെങ്കിലും ഒന്നാം സ്ഥാനക്കാരായാണ് രവിശാസ്ത്രിയുടെ പരിശീലന മികവിൽ ഇന്ത്യൻ ടീം സെമിഫൈനലിലേക്ക് കടന്നത്. രവിശാസ്ത്രി ഇന്ത്യക്കുവേണ്ടി എൺപത് ടെസ്റ്റ് മത്സരങ്ങളും നൂറ്റിഅമ്പത് ഏകദിന മത്സരങ്ങളും കളിച്ചിട്ടുണ്ട്. രണ്ടായിരത്തിപതിനാലു മുതൽ അടുത്ത രണ്ട് വർഷത്തേക്ക് ടീം ഡയറക്ടർ ആയും രവിശാസ്ത്രി ചുമതലയേറ്റിരുന്നു.



# 66–ാമത് ദേശീയ ചലച്ചിത്ര പുരസ്കാരം

**ഈ** കഴിഞ്ഞ ഓഗസ്റ്റ് ഒമ്പതിനാണ് അറുപത്തിആറാമത് ദേശീയ ചലച്ചിത്ര പുരസ്കാരങ്ങൾ പ്രഖ്യാപിക്കപ്പെട്ടത്. ഫീച്ചർ ജൂറി അധ്യക്ഷൻ രാഹുൽ രവൈൽ, നോൺ ഫീച്ചർ ജൂറി അധ്യക്ഷൻ എ.എസ്.കനാൽ, സിനിമ നിരൂപണ ജൂറി അധ്യക്ഷൻ ഉത്പൽ ബോർജ് പൂജാരി എന്നിവരാണ് ഡൽഹിയിലെ ശാസ്ത്രി ഭവനിൽ നടന്ന പത്രസമ്മേളനത്തിൽ പുരസ്കാരങ്ങൾ പ്രഖ്യാപിച്ചത്.

മികച്ച മലയാള സിനിമയായി സക്കറിയ സംവിധാനം ചെയ്ത 'സുഡാനി ഫ്രം നൈജീരിയ' തെരഞ്ഞെടുക്കപ്പെട്ടു. മികച്ച നടനുള്ള പുരസ്കാരം പേരമ്പിലൂടെ മമ്മൂട്ടിക്ക് ലഭിക്കുമെന്ന് ഒരുപോലെ പ്രത്യാശിച്ച തമിഴകത്തിനും കേരളത്തിനും നിരാശപ്പെടേണ്ടിവന്നു. 'ഉറി' എന്ന ഹിന്ദി ചിത്രത്തിലൂടെ വിക്കി കൗശാൽ, 'അന്ധാധുൻ' എന്ന ഹിന്ദി ചിത്രത്തിലൂടെ ആയുഷ്മാൻ ഖുരാന എന്നിവരാണ് മികച്ച നടന്മാരായി തെരഞ്ഞെടുക്കപ്പെട്ടത്. എങ്കിലും, മികച്ച നടിക്കുള്ള പുരസ്കാരം പ്രശസ്ത ചലച്ചിത്ര നിർമാതാവ് സുരേഷ് കുമാറിന്റെയും പഴയകാല ചലച്ചിത്ര നടി മേനകയുടെയും മകളായ കീർത്തി സുരേഷ് സ്വന്തമാക്കി. 'മഹാനടി' എന്ന തെലുങ്ക് ചിത്രത്തിലെ അഭിനയത്തിനാണ് കീർത്തി സുരേഷ് പുരസ്കാരത്തിന് അർഹയായത്.




*മഹാനടി സിനിമയിൽ കീർത്തി സുരേഷ്*



*മികച്ച നടൻ – ആയുഷ്മാൻ ഖുരാന, വിക്കി കൗശാൽ*

'സുഡാനി ഫ്രം നൈജീരിയ'യിലെ അഭിനയത്തിന് നടി സാവിത്രി ശ്രീധരനും 'ജോസഫ്' ലെ അഭിനയത്തിന് ജോജു ജോർജിനും പ്രത്യേക ജൂ





*പ്രതേക ജൂറി പരാമർശം നേടി ജോജു ജോർജ്*



*അവതാർ & അവഞ്ചേഴ്സ് എൻഡ് ഗെയിം*

റി പരാമർശം ലഭിച്ചു. 'ഓള്' എന്ന ചിത്രത്തിലൂടെ മികച്ച ഛായാഗ്രാഹകനുള്ള പുരസ്കാരം നമ്മെ വിട്ടകന്ന എം.ജെ.രാധാകൃഷ്ണനും സ്വന്തമാക്കി. മികച്ച പ്രൊഡക്ഷൻ ഡിസൈനുള്ള പുരസ്കാരം 'കമ്മാര സംഭവം' എന്ന ചിത്രത്തിലൂടെ ബംഗ്ലനും, മികച്ച സിനിമ നിരൂപകനുള്ള പുരസ്കാരം ബ്ലെസ്സ് ജോണിയും സ്വന്തമാക്കി. 'മൗന പ്രാർത്ഥനപോലെ' എന്ന പുസ്തകത്തിനാണ് മികച്ച സിനിമാ സംബന്ധിയായ പുസ്തകത്തിനു




ള്ള പുരസ്കാരം ലഭിച്ചത്. എസ്.ജയചന്ദ്രൻനായർ ആണ് പുസ്തകത്തിന്റെ രചന നിർവഹിച്ചത്.

ഉത്തരാഖണ്ഡ് മികച്ച സിനിമ സൗഹൃദ സംസ്ഥാനമായും മികച്ച ചലച്ചിത്രമായി ഗുജറാത്തി സിനിമ 'എല്ലാരു'വും തെരഞ്ഞെടുക്കപ്പെട്ടു.

## വ്യത്യസ്ത പ്രമേയവുമായി 'അമ്പിളി'

അറിയുവാൻ സാധിക്കാനാവാതെ പോകുന്ന സ്നേഹം, താമസിച്ചെങ്കിലും തിരിച്ചറിയുന്ന ബന്ധങ്ങൾ സിനിമയുടെ മുഖ്യപ്രമേയങ്ങളിലൊന്ന്. മികച്ച അഭിനയം പുറത്തെടുത്ത് സൗബിൻ ഷാഹിർ. 'ഗപ്പി' എന്ന സിനിമയ്ക്കുശേഷം ജോൺ പോൾ ജോർജ് സംവിധാനം ചെയ്ത ഈ സിനിമ, മറ്റൊരു വ്യത്യസ്തമായ പ്രമേയം ഏറെ പുത്തൻ കാഴ്ചകളോടെ പ്രേക്ഷകർക്ക് മുന്നിൽ അവതരിപ്പിക്കുന്നു. വിഷ്ണു വിജയ് ആണ് ചിത്രത്തിന്റെ സംഗീത സംവിധായകൻ. സിനിമയോടൊപ്പം തന്നെ സഞ്ചരിക്കുന്ന ഈണങ്ങളും ഗാനരംഗങ്ങളും ഏറെ ആസ്വാദ്യകരമാംവിധം ചിട്ടപ്പെടുത്തിയിരിക്കുന്നു. തൻവി റാം, നവീൻ നസീം എന്നിവരും സിനിമയിൽ മുഖ്യവേഷങ്ങളിലെത്തുന്നു.


**ഹോളിവുഡിൽ** ലിയനാർഡോ ഡികാപ്രിയോ, ബ്രാഡ് പിറ്റ് കൂട്ടുകെട്ടുമായെത്തിയ 'വൺസ് അപോൺ എ ടൈം ഇൻ ഹോളിവുഡ്', ഡ്വെയ്ൻ ജോൺസൻ, ജോസൺ സ്റ്റാതം കൂട്ടുകെട്ടുമായെത്തിയ ഫാസ്റ്റ് ആൻഡ് ഫ്യൂറിയസ് (ഹോ



*സുഡാനി ഫ്രം നൈജീരിയയിൽ സാവിത്രി ശ്രീധരൻ*

ബ്സ് ആൻഡ് ഷാ) എന്നീ സിനിമകൾ വൻ വിജയത്തിലേക്ക് മുന്നേറുന്നു. മറുവശത്ത് രണ്ടായിരത്തിഒമ്പതിൽ പ്രദർശനത്തിനെത്തിയ 'അവതാർ' സിനിമയുടെ വിജയത്തോടൊപ്പം ബോക്സ് ഓഫീസിൽ തീർത്ത എക്കാലത്തേയും മികച്ച കളക്ഷൻ റെക്കോർഡ് നീണ്ട കാത്തിരിപ്പിനൊടുവിൽ ഈ വർഷം പ്രദർശനത്തിനെത്തിയ മാർവൽ സ്റ്റുഡിയോസിന്റെ 'അവഞ്ചേഴ്സ് എൻഡ് ഗെയിം' തിരുത്തിക്കുറിച്ചതും ശ്രദ്ധിക്കപ്പെട്ടു.


# പുസ്തകപരിചയം



## പെൻഡുലം (നോവൽ)

**അശോക് ഡിക്രൂസ്**
**പേജ്: 367, വില: 350**
**പ്രണത ബുക്സ്, കൊച്ചി**






2018ലെ പോഞ്ഞിക്കര റാഫി പുരസ്കാരം നേടിയ നോവലാണ് അശോക് ഡിക്രൂസിന്റെ പെൻഡുലം. ഒരു പിതൃചരിത്രരേഖയാണ് ഈ നോവൽ. വേറൊരർത്ഥത്തിൽ ഒരു കണ്ണിചേരൽ. തലമുറകളിൽനിന്നും തലമുറകളിലേക്ക് മറനീക്കി ആടി നീങ്ങുന്ന പെൻഡുലം, കാലവാഹിനിയായ ബന്ധങ്ങളുടെ, ബന്ധനങ്ങളുടെ ചുരുളുകൊള്ളുന്ന ചരിത്രം കൂടിയാണ്.

ആകസ്മികതയെന്നു തോന്നിപ്പിക്കുന്ന സംഭവങ്ങൾ, അങ്ങനെയല്ലെന്നും എല്ലാം തീരുമാനിക്കപ്പെട്ടിരുന്നുവെന്നും വായന മുന്നോട്ടുപോകുമ്പോൾ നാം മനസിലാക്കും. എസ്തോസ് ജനിക്കുമ്പോൾ സെബാസ്റ്റ്യൻ, ഇന്ത്യ സ്വതന്ത്ര്യയായതിന്റെ ആഘോഷത്തിലായിരുന്നു. എസ്തോസിന്റെ മകൻ സന്തോഷ് ജനിക്കുമ്പോൾ അയാൾ, ക്ഷൈത്രം എന്ന നാടകത്തിന്റെ ഗ്രീൻ റൂമിലായിരുന്നു. സന്തോഷിന്റെ മകൻ അഭിനവ് ജനിക്കുമ്പോൾ അയാൾ, നിശാഗന്ധി എന്ന സിനിമാ ഷൂട്ടിംഗ് ലൊക്കേഷനിൽ കാമറക്കു പിന്നിലായിരുന്നു.

പിന്നണിയിൽ നിൽക്കുന്ന പിതാക്കന്മാരും പുത്രന്മാരും പരിശുദ്ധകാലവും തീർക്കുന്ന തനിയാവർത്തനങ്ങളുടെ ചതുരംഗ പലകയാണ് ജീവിതമെന്ന്, വിസ്മയചിത്രങ്ങളാൽ പെൻഡുലം പറഞ്ഞുവെക്കുന്നു.

സാധാരണീകൃതമായ ജീവിതാവസ്ഥകളെയും വിശ്വാസബോധ്യങ്ങളെയും അസാധാരണവും സർഗാത്മകവുമായ വീക്ഷണങ്ങളിലൂടെ, ജൈവികമായി പുനരവതരിപ്പിക്കാൻ കഴിഞ്ഞുവെന്നത് ഈ സാഹിത്യകൃതിയെ വ്യത്യസ്തമാക്കുന്നു എന്ന അവാർഡു കമ്മിറ്റിയുടെ വിലയിരുത്തൽ, ആദ്യവായനയിൽ തന്നെ ബോധ്യപ്പെടും.

## മീൻകാരനും ലോലിതയും (നോവൽ)

**ജോസെ ലിയോൺസ്**
**പേജ്: 150, വില: 150**
**ഗ്രീൻ ബുക്സ്, തൃശൂർ**







ഒളിഞ്ഞുനോട്ടക്കാരുടെ കപടസദാചാരലോകം കൂടുതൽ വിസ്തൃതമാകുന്നത് ധ്വനിപ്പിക്കുന്ന ആക്ഷേപഹാസ്യനോവലാണ് മീൻകാരനും ലോലിതയും. പുരുഷന്റെ നിഗൂഢ വിചാരങ്ങൾ ഇവിടെ വിചാരണ ചെയ്യപ്പെടുന്നു. സ്ത്രീയുടെ സ്വത്വബോധത്തെ സമ്മതിച്ചുകൊടുക്കാൻ തയാറല്ലാത്തവരുടെ സാമൂഹിക ജീർണതക്കെതിരെ എയ്തുവിടുന്ന ഒളിയമ്പുകൾ, കൊള്ളേണ്ടിടത്ത് എത്തും വിധമാണ് നോവലിന്റെ രചന.

സമസ്ത മേഖലകളിലും സ്ത്രീ-പുരുഷ സമത്വം വേണമെന്നു പറയുമ്പോഴും, കാമദാഹം തീർക്കാൻ മാത്രമുള്ള വിലകുറഞ്ഞ വസ്തുവായി സ്ത്രീയെ കാണുന്ന പ്രവണതയെ വിചാരണ ചെയ്യുന്നു ഈ നോമ്പൽ. നിത്യജീവിതത്തിൽ സാധാരണമായ കാഴ്ചകൾ, അസാധാരണമായ പൊടിപ്പുകൾ ചേർത്ത് വികസിപ്പിച്ചെടുത്ത നോവൽ, വ്യത്യസ്ത പ്രമേയത്താൽ ശ്രദ്ധയർഹിക്കുന്നുണ്ട്. ലളിതവും സുതാര്യവുമാണ് നോവലിന്റെ വാചകഘടന.

താൻ പരിചയപ്പെട്ടിട്ടുള്ള എല്ലാ മനുഷ്യസ്നേഹികളുടെയും മുന്നിലാണ് ഗ്രന്ഥകർത്താവ് ഈ

നോവൽ സമർപ്പിച്ചിട്ടുള്ളത്. നോവൽ നൽകുന്ന സന്ദേശവും അതുതന്നെയാണ്. സ്നേഹം പ്രകടനാത്മകമാകുമ്പോൾ, അത് ജനിപ്പിക്കുന്ന ഹർഷം ഇരുവരിലും ഊഷ്മള തെളിച്ചങ്ങൾക്ക് വഴിയൊരുക്കുമെന്ന് നോവൽ പ്രത്യാശിക്കുന്നു. മനുഷ്യൻ സഹജീവികൾക്ക് കണ്ണാടിയാകണം എന്ന് മുഖക്കുറിപ്പിൽ ഗ്രന്ഥകർത്താവ് സൂചിപ്പിക്കുന്നത്, ഗ്രന്ഥത്തിലുടനീളം പ്രതിഫലിക്കുന്നുണ്ട്.

## എയ്ഡ്സിന്റെ ഇരകൾ


**(നോവൽ)**

**പി.എൻ.മണി**

**പേജ്: 144, വില: 150**

**യെസ് പ്രസ് ബുക്സ്, പെരുമ്പാവൂർ**

ഇനിയും ഫലപ്രദമായ മരുന്ന് കണ്ടെത്താത്തതിനാൽ സമൂഹത്തിന് വൻ ഭീഷണിയായി തീർന്നിട്ടുണ്ട് എയ്ഡ്സ്. ഇതിനെതിരെ മുൻകരുതൽ സ്വീകരിക്കുക എന്ന സമീപനം മാത്രമാണ് ഇത്തരുണത്തിൽ ഒരാൾക്ക് ചെയ്യാൻ കഴിയുക. എയ്ഡ്സ് വൈറസ് എങ്ങനെയെല്ലാം പകരുമെന്നും, അത്തരം സന്ദർഭങ്ങളിൽ നിന്നകന്നു നിൽക്കേണ്ടതുണ്ടെന്നും ബോധ്യപ്പെടുത്തുന്ന ഒരു സോദ്ദേശ നോവലാണ് എയ്ഡ്സിന്റെ ഇരകൾ. ഒറ്റയിരിപ്പിൽ വായിച്ചുതീർക്കാൻ തക്ക പാരായണക്ഷമതയുണ്ട് നോവലിന്. ഇതിലെ സന്ദേശവും വ്യാപകമായി പ്രചരിപ്പിക്കപ്പെടേണ്ടതാണ്.






## സ്റ്റാർട്ടപ്പിന്റെ ആസ്തപ്പാടുകൾ


**(മാനേജ്മെന്റ് പഠനം)**

**ബോബൻ കൊള്ളന്നൂർ**

**പേജ്: 152, വില: 180**

**ഗ്രീൻ ബുക്സ്, തൃശൂർ**

പുതുസംരംഭകരുടെ ആശങ്കകൾ ദുരീകരിക്കും വിധം, സരളമായി രചിക്കപ്പെട്ട ലേഖനങ്ങളുടെ സമാഹാരമാണ് 'സ്റ്റാർട്ടപ്പിന്റെ ആസ്തപ്പാടുകൾ' എന്ന പുസ്തകം. ബിസിനസിലേക്ക് തിരിയുന്ന പുതുസംരംഭകൻ ഒട്ടേറെ കടമ്പകൾ അഭിമുഖീകരിക്കുന്നുണ്ട്. ഇതിലേറെയും ഇവരെ അധൈര്യപ്പെടുത്തുവാൻ പോന്നവയത്രേ. പ്രതിസന്ധികളും പ്രശ്നങ്ങളും അവതരിപ്പിക്കുന്നതിനൊപ്പം, അവ പരിഹരിക്കുന്നതിനുള്ള തന്ത്രങ്ങളും നിർദേശിക്കുക വഴി, ഇവർക്കൊരു വഴികാട്ടിയാകുന്നുണ്ട് ഈ പുസ്തകം. പുതുസംരംഭകർക്ക് ഒരു കൈപ്പുസ്തകമായും ഈ ഗ്രന്ഥം ഉപയോഗപ്പെടും.






ബിസിനസ് വിദ്യാർഥികൾക്ക് ഈ പുസ്തകമൊരു വിജ്ഞാനസമ്പത്താണ്. സർക്കാരിന്റെ നയരൂപീകരണത്തിനുതകുന്ന നിർദ്ദേശങ്ങളും ശ്രദ്ധയർഹിക്കുന്നു. ആശയങ്ങളുടെ വ്യക്തത, അഴിമതി കുറക്കുമെന്നും കൂടുതൽ നിക്ഷേപം സംസ്ഥാനത്ത് ഒഴുകിയെത്തുവാൻ ഇടയാക്കുമെന്നും ഗ്രന്ഥകാരൻ ഉപദേശിക്കുന്നുണ്ട്. ബിസിനസ് ലോകത്ത് വിഹരിക്കുന്നവർ അവശ്യം അറിഞ്ഞിരിക്കേണ്ട വസ്തുതകൾ, സരസമായി പ്രതിപാദിച്ചിട്ടുള്ള ഈ പുസ്തകം പരമ്പരാഗത ബിസിനസുകാരുടെ ഇളംതലമുറക്കും പ്രയോജനം ചെയ്യും.

## ചോർന്നൊലിക്കുന്ന കുട

**(കവിതകൾ)**

**ഡോ. പി.സജീവ്കുമാർ**

**പേജ്: 56, വില: 60**

**തിങ്കൾ ബുക്സ്, തൃശൂർ**

സമകാലിക വിഷയങ്ങൾ പരാമർശിക്കുന്ന 31 കവിതകളുടെ സമാഹാരമാണ് 'ചോർന്നൊലിക്കുന്ന കുട'. പ്രവാസജീവിതത്തിൽ മഴയുടെ ഓർമപ്പെടുത്തലുകൾ ഇതിവൃത്തമാക്കിയ 'ക്ഷമാപണം', പ്രണയമഴ അവതരിപ്പിച്ച 'പെയ്തൊഴിയാതെ', പുഴയുടെ ശേഷിപ്പുകൾ കാണാനേയില്ല എന്ന് വിലപിക്കുന്ന 'മൂന്ന് ആത്മകഥകൾ' എന്നിവ വിശേഷ ശ്രദ്ധയർഹിക്കുന്നവയാണ്.






കുട നന്നാക്കൽ കുലത്തൊഴിലാക്കിയ ഒരാളിലൂടെ നാടിന്റെ രാഷ്ട്രീയം പറയുന്ന ടൈറ്റിൽ കവിത 'ചോർന്നൊലിക്കുന്ന കുട', ജീവിതചിത്രങ്ങളുടെ നേർവര നിർവഹിച്ചിരിക്കുന്നു. എഴുതണമെന്നു തോന്നുന്ന ഒരു വിഷയം അസ്വസ്ഥതയുണ്ടാക്കുമ്പോൾ അത് പകർത്തുന്ന രീതിയാണ് തനിക്കെന്ന് കവി മുഖക്കുറിപ്പിൽ പറഞ്ഞിട്ടുള്ളത് കവിതകളിൽ ദൃശ്യമാണ്.

# എഴുത്തും കുത്തും



**സാഹിത്യമാസികകളിൽ പ്രസിദ്ധീകരിക്കുന്ന രചനകളെ വിലയിരുത്തുന്ന പംക്തിയാണ് എഴുത്തും കുത്തും. വാരികകളിലും ദ്വൈവാരികകളിലും പ്രകാശിതമാകുന്ന രചനകൾ ഇവിടെ ഉൾപ്പെടുത്തുന്നില്ല. പ്രചാരം വർധിപ്പിക്കുന്നതിനും നിലനിൽപ്പിനും പ്രയാസപ്പെടുന്നവയാണ് മാസികകളിൽ അധികവും. ശ്രദ്ധിക്കപ്പെടേണ്ടുന്ന രചനകൾ ഈ മാസികകളിൽ പ്രസിദ്ധീകരിക്കുന്നുണ്ട്. ഇതേക്കുറിച്ചുള്ള സൂചനകൾ സഹൃദയസമക്ഷം അവതരിപ്പിക്കുകയാണ് ഈ പംക്തിയുടെ ലക്ഷ്യം.**



സി. ആർ. രാജൻ

'ദൈവത്തിന് ഒരു കത്ത്' എന്ന ഒരു ഭേദപ്പെട്ട കഥ ആഗസ്റ്റ് ലക്കം യെസ് മലയാളം മാസികയിലുണ്ട്. തന്റെ ഉയർച്ചകളിലും താഴ്ചകളിലും ദൈവത്തോട് ചേർന്ന് നിൽക്കുവാൻ കൊതിക്കുന്ന ഒരാൾ. വിഷമസന്ധികളിൽ ദൈവത്തിന് കത്തെഴുതുന്നതും ഇമെയിൽ സന്ദേശം അയക്കുന്നതും അയാൾ ശീലമാക്കിയിരുന്നു. തന്റെ അപേക്ഷകളത്രയും ദൈവം വൈകാതെ പരിഹരിക്കുന്നതായും അയാൾ ദൃഢമായി വിശ്വസിച്ചിരുന്നു.

ജീവിതത്തിലും തൊഴിലിടത്തും ദൈവസാന്നിധ്യം അനുഭവിക്കുന്നുവെന്ന് പറഞ്ഞറിയിച്ചും കൊണ്ടുള്ള ഇദ്ദേഹത്തിന്റെ യാത്ര, കൗതുകത്തോടെയാണ് വീട്ടുകാരും നാട്ടുകാരും വീക്ഷിച്ചിരുന്നത്. സ്വൽപം കിറുക്കിന്റെ അസുഖമുള്ളയാൾ എന്ന ലേബലും ചിലർ അയാൾക്ക് ചാർത്തി കൊടുത്തിരുന്നു.



അനിൽ പനച്ചൂരാൻ

ദൈവത്തിന് ഇയാളയക്കുന്ന കത്തുകളും ഇമെയിലുകളും സ്വന്തം വിലാസത്തിലേക്കും മെയിൽ ഐഡിയിലേക്കുമാണെന്ന പ്രസ്താവത്തോടെയാണ് കഥ പര്യവസാനിക്കുന്നത്. പ്രതിസന്ധികൾ തരണം ചെയ്യുന്നതിന്, സ്വയം പാകപ്പെടേണ്ടതുണ്ട് എന്ന സന്ദേശം ലളിതമായി അവതരിപ്പിച്ച കഥയുടെ രചയിതാവ് സജിൽ ശ്രീധരാണ്.

കവി അനിൽ പനച്ചൂരാനുമായി ഭദ്രൻ കോവൂർ നടത്തിയ അഭിമുഖം, എം.ജി.രാധാകൃഷ്ണന്റെ സ്മരണകൾ പങ്കുവെക്കുന്ന ഉള്ളൂർ കെ. സതീശന്റെ ലേഖനം, ഇ.കെ.ശിവരാജൻ വിവർത്തനം ചെയ്ത പാബ്ലോ നെരൂദ കവിത 'നമുക്കു നഷ്ടമായി പിന്നേയും' എന്നിവ പുതിയ ലക്കം യെസ് മലയാളം മാസികയിലുണ്ട്.



ജേക്കബ് പുന്നൂസ്

പരേതാത്മാക്കളുടെ ലോകം വ്യത്യസ്തമായ വിധം അവതരിപ്പിച്ച ഒരു കഥ ആഗസ്റ്റ് ലക്കം എഴുത്ത് മാസികയിലുണ്ട്. 'ശവസാധകം' എന്നു പേര്. വി. ജയദേവ് ആണ് കഥാകൃത്ത്. കഥകളിൽ ഭാഷാശുദ്ധി നിർബന്ധമല്ലെങ്കിലും വായനക്കാരന് ഉൾക്കൊള്ളാനുതകുന്ന ഭാഷാ പ്രയോഗം നല്ലതാണ്. ഇക്കഥക്ക് ഇല്ലാതെ പോയതും അതു തന്നെ.



ജോൺ പോൾ

'മരിച്ചവരുടെ ഭാഷയിൽ വ്യവസ്ഥാപിത ഭാഷയിലെന്നപോലെ കാലവും വ്യാകരണവും ഒന്നും ഇല്ല' എന്ന് കഥയിൽതന്നെ പരാമർശമുണ്ട്. ഇപ്രകാരം ജാമ്യം നേടുന്നുണ്ടെങ്കിലും, അർത്ഥരഹിതമായ വാചകഘടന വായനയ്ക്ക് സഹായകരമല്ല എന്നു പറയാതെ വയ്യ.

പുതിയ ലക്കം എഴുത്ത് മാസിക ആദിവാസി ജീവിതത്തിന് ഫോക്കസ് കൊടുത്തിട്ടുണ്ട്. സി.ആർ.നീലകണ്ഠൻ, കെ.കെ.സുരേന്ദ്രൻ, കെ.എ.രാമു, ഡോ. ജോർജ് തേനാടികുളം, ഡോ. കെ.എസ്.പ്രദീപ്കുമാർ എന്നിവരുടെ ലേഖനങ്ങൾ, ആദിവാസിജീവിതത്തിന്റെ വിവിധ തല

ങ്ങളിൽ വെളിച്ചം വീശുന്നവയാണ്. ഇന്ദുമേനോന്റെ പരിഭാഷയിൽ ഗോത്രകവിതകളും ഈ ലക്കത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 'സിനിമയെ പ്രണയിച്ച ബഷീർ' എന്ന അനുസ്മരണ ലേഖനമാണ് മറ്റൊരു ആകർഷണം. ജോൺ പോളിന്റെ രചന ഹൃദയസ്പർശിയാണ്.

'കസ്റ്റഡി മരണങ്ങൾ കടുത്ത ശിക്ഷ ഉറപ്പാക്കേണ്ട ക്രൂരത' എന്ന ലേഖനം മൂല്യശ്രുതി ആഗസ്റ്റ് ലക്കത്തിലുണ്ട്. മുൻ ഡിജിപി ജേക്കബ് പുന്നൂസ് ആണ് ലേഖകൻ. ലേഖനത്തിന്റെ തലക്കെട്ടിൽ കസ്റ്റഡി മരണങ്ങളോട് എടുത്ത നിലപാട് പക്ഷേ, ലേഖനത്തിൽ ലളിതവത്കരിച്ചത് ഖേദകരമാണ്. ജനിതകമായി പോലീസിൽ വന്നുചേർന്നതാണ് ഇത്തരം ക്രൂരപ്രണതകൾ എന്ന മട്ടിലുള്ള നിസാരവത്കരണം, പൊതുസമൂഹത്തിന് ഉൾക്കൊള്ളാനാകില്ല. കുറ്റകൃത്യം കുറഞ്ഞ സംസ്ഥാനമായി കേരളത്തെ മാറ്റിയത് പോലീസാണെന്ന പരാമർശം ഫലിത രചനയായി കണ്ടാൽ മതിയാകും!


**മാധവിക്കുട്ടി**

ജയചന്ദ്രൻ തോന്നയ്ക്കലിന്റെ കവിത 'പാലാരിവട്ടം പാലം', ഈടുനൽകുന്ന കോൺക്രീറ്റ് മിക്സിംഗ് ഇല്ലാതെ പോയ പാലം പോലെ ദുർബല രചനയാണ്. ഇനിയും വരാത്ത വർഷകാലത്തെ കുറിച്ച് ഇതേ ലക്കത്തിൽ ശ്രീകുമാർ മുഖത്തല എഴുതിയ 'ഇതോ വർഷകാലം' എന്ന കവിത, പ്രളയ വാർത്തകൾക്കു ചെവികൊടുത്ത് ഈ കുറിപ്പ് തയാറാക്കുമ്പോൾ, ഒരു വെറും അക്ഷരമാലയായി കാണപ്പെടുന്നു.

'ഞാൻ പ്രിയദർശിനി ത്രിവേദി' എന്ന കഥാ ലേഖനവും മൂല്യശ്രുതിയിലുണ്ട്. ഒരു സംഭവത്തെ പുരസ്കരിച്ച് എഴുതിയ കഥ, നേരെ പറഞ്ഞാൽ കഥയാകില്ല എന്ന രചനാ കൗശലം പ്രയോഗിക്കായ്കയാൽ, വായനാസുഖം പകരുന്നില്ല. ഛത്തീസ്ഗഢിലെ ബസ്താർ ജില്ലയിലെ ആദിവാസി സമൂഹത്തിന്റെ സുവ്യക്ത രേഖയായി ഇതിനെ പരിഗണിക്കാവുന്നതാണ്. വിഷ്ണു എം.സിയാണ് കഥാകൃത്ത്.


**ഷൊർണൂർ കാർത്തികേയൻ**

ഡോ. ഷൊർണൂർ കാർത്തികേയന്റെ ശ്രീലങ്കൻ യാത്രാവിവരണം ഒഴിച്ചാൽ, സാംസ്കാരിക കമലദളം മാസികയുടെ പുതിയ ലക്കം, ഗൗരവതരമായ രചനകളൊന്നും നൽകുന്നില്ല. മാസികയുടെ ലക്ഷ്യത്തിനനുസരിച്ച് അയച്ചുകിട്ടുന്ന സൃഷ്ടികൾ തിരുത്താൻ എഡിറ്റോറിയൽ ബോർഡിന് അവകാശമുണ്ടെന്ന മാനേജിംഗ് എഡിറ്ററുടെ അറിയിപ്പ്, പത്രാധിപ ഫലിതങ്ങൾക്ക് മുതൽക്കൂട്ടായി!

ഭാഷാ സാഹിത്യ മാസിക, ഗുരുവിഷൻ മാസിക എന്നിവ പാരായണക്ഷമമാണ്.

## ഒന്നിപ്പ് മാസിക

വലിയ സാമ്പത്തിക പ്രതിസന്ധിയും വിതരണസംവിധാനത്തിലെ പരിമിതികളും മൂലം 'ഒന്നിപ്പ്' മാസിക, 2019 ജൂലൈ ലക്കത്തോടെ പ്രസിദ്ധീകരണരംഗത്തുനിന്നും പിന്മാറിയിരിക്കുകയാണ്. താങ്കളുടെ സ്നേഹത്തിനും കരുതലിനും നന്ദി: പി.കെ.അനിൽകുമാർ.

വിശദീകരണം ആവശ്യമില്ലാത്ത ഈ കുറിപ്പ്, 'വ്യാപാരകേരളം' ഈ പംക്തിയിൽ മുന്നോട്ടുവെച്ച വിഷയസ്വീകരണ പരിധി അർത്ഥവത്താക്കുന്നു. എന്തുകൊണ്ട് മാസികകളിൽ പ്രസിദ്ധീകൃതമാകുന്ന രചനകൾ മാത്രം ഈ പംക്തിയിൽ സൂചിപ്പിക്കപ്പെടുന്നു എന്നതിന് അനിൽകുമാറിന്റെ സങ്കടം തന്നെയാണ് ഹേതു.

## കരിങ്കള്ളന്മാരോ എഴുത്തുകാർ?


**പാബ്ലോ നെരൂദ**

ആത്മകഥയിൽ പോലും സത്യമെഴുതുന്നവരല്ല എഴുത്തുകാർ എന്ന കുത്ത്, ആനുകാലിക സാഹിത്യ പ്രവണതകളെ കുറിച്ചുള്ള പംക്തിയിൽ ഡോ. എം.രാജീവ്കുമാർ നിർവഹിച്ചത് കൗതുകകരമായ നിലപാടാണ്. മലയാളത്തിലെ എക്കാലത്തേയും മികച്ച എഴുത്തുകാരി മാധവിക്കുട്ടിയുടെ ജീവിതവും രചനകളും തുലനം ചെയ്താണ് രാജീവ്കുമാർ, 'എഴുത്തുകാർ കരിങ്കള്ളന്മാരാണ്' എന്ന നിർവൃതിയിലെത്തുന്നത്. മികച്ച രചനകൾക്കുള്ള സർഗശേഷി നഷ്ടമായ കാലത്താണ് അവർ മതം മാറ്റം നടത്തിയതെന്നും, തിരിച്ചിറങ്ങാൻ കഴിയാത്തവിധം അതവർക്കു കുരുക്കായെന്നും രാജീവ്കുമാർ നിരീക്ഷിക്കുന്നു. ശരീരത്തിലെ ചുളിവുകൾ മറയ്ക്കാനും കഴുത്തിലേയും കൈകളിലേയും വാർധക്യരേഖകൾ മൂടാനും പർദ്ദപോലെ സൗകര്യപ്രദമായ ഒരു വസ്ത്രം സ്വന്തമാകുന്നുവെന്നതും മതംമാറ്റത്തിന് കാരണമായിട്ടുണ്ടത്രേ. കള്ളത്തരങ്ങൾ എഴുതിനിറച്ച്, കല്ലുവെച്ച നുണകൾകൊണ്ട് യാഥാർഥ്യ പ്രതീതി വരുത്തുന്നവരാണ് മികച്ച എഴുത്തുകാർ എന്ന സ്വന്തം അഭിപ്രായം, നല്ല എഴുത്ത് വസമാക്കിയ തനിക്കും യോജിക്കാതിരിക്കില്ലല്ലോ!

(രാജീവ്കുമാറിന്റെ ലേഖനം യെസ് മലയാളം മാസികയിൽ).